MR. A. K. PACHU PILLAI : ശ്രീമാൻ വേലായുധൻനായരുടെ ഭേദഗതിയുടെ തത്വത്തെ അനുകൂലിക്കുന്നതിനാണു് ഞാൻ നിൽക്കുന്നതു്. എന്നാൽ ഇതിനോടു് അനുബന്ധമായിട്ടുതന്നെ ര-ാംവകുപ്പിനു് ഞാൻ വേറൊരു ഭേദഗതി ഹാജരാക്കിയിട്ടുണ്ടു്. ഇതിന്റെ ന-ാംവകുപ്പു് നിർവചനത്തെ കുറയ്ക്കുന്നില്ലെങ്കിലും ഇതിന്റെ Operative portion ര-ാംവകുപ്പിലാണുള്ളതു്. സാരാംശത്തിൽ ന-ം ര-ം വകുപ്പുകൾ ഒന്നുതന്നെയാണെന്നാണു് ഞാൻ പറയുന്നതു്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയും എന്റെ ഭേദഗതിയും തമ്മിലുള്ള വ്യത്യാസം പറയുകയാണെങ്കിൽ ഈ ഭേദഗതിയിൽ ഇ ഏക്കർ പരിധി ക്ഞപ്പെടുത്തണമെന്നു പറയുമ്പോൾ എന്റെ ഭേദഗതിയിൽ ഫ ഏക്കറെന്നാണു് പറയുന്നതു്. ഈ രണ്ടു ഭേദഗതിയുടേയും അടിസ്ഥാനം ഒന്നായിരിക്കുന്നതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കുന്നപക്ഷം എന്റെ ഭേദഗതി പിൻവലിക്കുന്നതിനു് ഞാൻ തയാറാണു്. എന്തെങ്കിലും കാരണവശാൽ ഈ ഭേദഗതി സ്വീകരിക്കാതിരിക്കുന്നപക്ഷം എന്റെ രണ്ടേക്കർ പരിമിതി നിശ്ചയിക്കുന്ന ഭേദഗതി അവതരിപ്പിക്കുന്നതിനുള്ള അവകാശത്തോടുകൂടിയാണു ഞാൻ ഇതു സംബന്ധിച്ചു് സംസാരിക്കാൻ പോകുന്നതു്. സർ, വസ്തു സംബന്ധമായോ സ്വത്തു സംബന്ധമായോ എന്തെങ്കിലും ഭൗതികമായ നിയമങ്ങൾ ഒരു രാഷ്ട്രത്തിൽ ഉണ്ടാകുമ്പോൾ അതു് സാമ്പത്തികതത്വശാസ്ത്രമനുസരിച്ചുള്ള എന്തെങ്കിലും അടിസ്ഥാനത്തെ ആശ്രയിച്ചിരിക്കണം. അങ്ങിനെ നോക്കുന്നപക്ഷം ഇതിനോടു് അനുബന്ധമായി നാം ഇവിടെ ഹാജരാക്കിയിരിക്കുന്നതും താമസംവിനാ ചർച്ചയ്ക്കു വരുന്നതുമായ കുടിയിറക്കു നിയമംതന്നെ നോക്കുക. അതുകൊണ്ടു് എന്തുദ്ദേശത്തോടുകൂടിയാണു് ഇങ്ങനെ ഒരു നിയമം നാം ഇവിടെ ഹാജരാക്കിയിരിക്കുന്നതെന്നു പരിശോധിച്ചുനോക്കേണ്ടതാണു്. സാധാരണ ആളുകളെ അവർ താമസിക്കുന്ന സ്ഥലത്തുനിന്നും കുടിയിറക്കാതിരിക്കുന്നതിനുവേണ്ടി അതുപോലെ ഈ നിയമം ഹാജരാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയിരിക്കുന്നത്. പക്ഷേ ഇതനുസരിച്ചു നോക്കുന്നപക്ഷം കിടക്കുന്നതിനു മാത്രം വസ്തു ഉള്ള ചില്ലറ വസ്തു ഉടമസ്ഥന്മാരേയും ഈ നിയമം വിപരീതമായി ബാധിക്കുമെന്നു കാണാം. അവരെ ഇറക്കാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതെങ്കിൽ അതിൽ യാതൊരു തരക്കേടുമില്ല. ഈ നിയമം ഹാജരാക്കുമ്പോൾതന്നെ അതിന്റെ അവതാരകൻ പറയുകയുണ്ടായി ഒരു ശരിയായ അന്വേഷണം നടത്തിയതിനുശേഷം തിരുവിതാംകൂറിലെ വസ്തു ഉടമകളുടെയും ഉടമസ്ഥന്മാരും കൈവശക്കാരും തമ്മിലുള്ള ബന്ധത്തെയും നിയന്ത്രിക്കുന്നതിനും പുലർത്തുന്നതിനും വേണ്ടിയാണു് ഈ നിയമമെന്നും അതിനു ഈ ആറുമാസക്കാലത്തെ കാലാവധി ആവശ്യമാണെന്നും അതിന്റെ ശേഷമാണു് സ്ഥിരമായ ഒരു നിയമം ഉണ്ടാക്കാൻ പോകുന്നതെന്നും. സർ, ഈ നിയമം ഇവിടെ ഹാജരാക്കിയതിനുശേഷം നമ്മുടെ രാജ്യത്തു ഉണ്ടായിരിക്കുന്ന അതായതു് ബഹുജനങ്ങളുടെ ഇടയിൽ ഉണ്ടായ പ്രത്യാഘാതത്തെപ്പറ്റി സഭസ്സിലെ ബഹുമാനപ്പെട്ട അംഗങ്ങൾ അനുസ്മരിക്കുന്നതെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതേ സംബന്ധിച്ചു്, തങ്ങളുടെ ഭൂമി എല്ലാം തന്നെ കൊണ്ടുപോകുന്നതായി ഒരു കൂട്ടരും, ആറുമാസക്കാലത്തേക്കു സ്വതന്ത്രസ്വതന്ത്രമായ ഉടമസ്ഥാവകാശം നമ്മുടെ കൈയ്യിൽ വന്നുചേർന്നിരിക്കുന്നു എന്നു മറ്റൊരു കൂട്ടരും പറഞ്ഞുകൊണ്ടിരിക്കുന്നു. ഇവിടെ കിടക്കുന്നതിനുപോലും സ്ഥലമില്ലാത്ത ആളുകളെ ആറുമാസക്കാലത്തേക്കെങ്കിലും ഇറക്കിവിടാതിരിക്കുന്നതിനുവേണ്ടി മാത്രമെ നിയമത്തിൽ ഇപ്പോൾ പരാമർശിച്ചിട്ടുള്ളൂ. എങ്കിലും, ധനവാന്മാരായ സ്വത്തുടമസ്ഥന്മാരെ സഹായിക്കുന്നതിനു വേണ്ടിയല്ല ഈ നിയമം നടപ്പാക്കിയിട്ടുള്ളതെന്നും നേരെ മറിച്ചു് സാധുക്കൾക്കു വേണ്ടിയാണെന്നും ഒരു ഉറപ്പു കൊടുക്കേണ്ട ആവശ്യത്തിലേക്കാണു് അഞ്ചോ രണ്ടോ ഏക്കറിൽ കുറവുള്ളവരെ മാത്രം ബാധിക്കാവൂ എന്നുള്ള ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. കൂടാതെ മി. വേലായുധൻനായർ തന്നെ ശക്തിയായി പറഞ്ഞുകഴിഞ്ഞു പ്രാമിസറിനോട്ടിനെപ്പറ്റിയും മറ്റുമുള്ള സംഗതികൾ. പ്രാമിസറി നോട്ടിൻപ്രകാരവും പണയാധാരപ്രകാരവും വസ്തു കൈവശം വച്ചുകൊണ്ടിരിക്കുന്ന വലിയ ഭൂസ്വത്തുടമസ്ഥന്മാരെയും ബാങ്കുകാരേയും സഹായിക്കുന്നവിധത്തിലാണു് ഇപ്പോഴത്തെ ഈ നിയമം ഭേദഗതി സ്വീകരിക്കാത്തപക്ഷം നടപ്പിലാകാൻ പോകുന്നതു്. സർ, പട്ടന്തുൽപുഴ അതിന്റെ ദേഹം പട്ടന്തുൽകൊണ്ടു വരിഞ്ഞുകൊണ്ടു രക്ഷനേടി കുറെക്കാലം

LIBRARY ARCHIVES Kerala Legislative Assembly

അതിനകത്തിരുന്നിട്ട ഒടുവിൽ അതിന്റെ അകത്തുള്ള പച്ചിലകളെല്ലാം തിന്നതീർത്തതിനശേഷം നൽക്കൂട ഉപേക്ഷിച്ചു പ്രപാന്തരപ്പെട്ട് ശരീരമായി പുറത്തുപോകുന്നതുപോലെയാണ് വസ്തു കൈവശക്കാർ വെൺപാട്ടത്തിന്റെ പേരിലോ, അല്ലെങ്കിൽ സാധാരണ പാട്ടത്തിന്റെ പേരിലോ കുറേനാൾ വസ്തു കൈവശം വച്ചുകൊണ്ടിരുന്നിട്ട അതിന്റെ സകലവിധ ഗുണങ്ങളും അനുഭവിച്ചതിനശേഷം ഒരു ദിവസം അവരുടെ പ്രേരണകളും സ്വാധീനശക്തിയും ചെലുത്തി ഒരു നിയമമുണ്ടാക്കി സാധുക്കളുടെ സ്വത്തുക്കളും മറ്റും ചൂഷണംചെയ്തുകൊണ്ടുപോകുന്നതു്. ഒരു മാസത്തേക്കെന്നുള്ള ഒരു കാലാവധി താൽക്കാലികമായിട്ട വരുത്തിയിട്ട് പിന്നെ അതു കഴിഞ്ഞതിനശേഷം വസ്തുവിൽനിന്നും ഒഴിയാതിരിക്കുവാൻ പ്രചണ്ഡമായ ഒരു പ്രക്ഷോഭണം ഉണ്ടാക്കുവാനാണ് പോകുന്നതു. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അഞ്ചേക്കർ എന്നുള്ളതു് കുറേ കൂടുതലാണെന്നു തോന്നുന്നപക്ഷം രണ്ടേക്കർ എന്നുള്ള ഭേദഗതി സ്വീകരിക്കുന്നതിനുവേണ്ടി വോട്ട ചെയ്യണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

MR. K. K. CHELLAPPAN PILLAI : മി. വേലായുധൻനായരുടെ ഭേദഗതിക്ക്, അദ്ദേഹത്തിനു സമ്മതവും, പ്രസിഡൻറിന്റെ അനുവാദവും ഉള്ളപക്ഷം "owner mortgagor or lessor" എന്നു കഴിഞ്ഞു് "single or sharer of a joint family," എന്നുള്ള ഭേദഗതിയോടുകൂടി ഈ ഭേദഗതി അവതരിപ്പിക്കാൻ സമ്മതിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. PRESIDENT : That is not allowed.

MR. K. K. CHELLAPPAN PILLAI : സർ, അങ്ങു് അതിനനുവദിക്കുന്നില്ലെങ്കിൽ ഞാൻ ഈ ഭേദഗതിയെത്തന്നെ അനുകൂലിക്കുന്നു. സർ, ഇതിൽനിന്നും രണ്ടുമൂന്നു ചോദ്യങ്ങൾ അവതരിപ്പിക്കുന്നുണ്ടു്. എങ്ങനെയാണു് ഒരു കുടുംബത്തെ അല്ലെങ്കിൽ ഒരാളിനെ ഇതു ബാധിക്കുമെന്നാണു ഞാൻ പറയാനുദ്ദേശിച്ചതു്. ഏതായാലും എന്റെ ഭേദഗതി ഉൾപ്പെടുത്താത്തതുകൊണ്ടു, മി. വേലായുധൻനായരുടെ ഭേദഗതി അതുപോലെ സ്വീകരിക്കണമെന്നു അപേക്ഷിക്കേണ്ടതായിട്ടു വന്നിരിക്കുന്നു. അതിനു കാരണങ്ങൾ അധികം പറഞ്ഞിട്ടു കാര്യമില്ല. മിക്കവാറും കാര്യങ്ങൾ അദ്ദേഹംതന്നെ വിസ്തരിച്ചുകഴിഞ്ഞു. ഈ ലെജിസ്ലേഷൻ ഇവിടെ കൊണ്ടുവന്നതു് ഗവണ്മെൻറ പ്രത്യേക ദുരുദ്ദേശ്യത്തോടുകൂടിയാണെന്നുള്ള അഭിപ്രായം എനിക്കില്ല. ബില്ലിനെപ്പറ്റിത്തന്നെ ഭേദഗതിയിലന്തർഭവിച്ചിരിക്കുന്ന റിലവൻറ് പോർഷനെപ്പറ്റി പറയണമെന്നാഗ്ര

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai]

ഹിക്കുന്നു. ഈ ലെജിസ്ലേഷൻ, വെറും പാട്ടക്കാരുടെ അതായത് വളരെ വളരെ കുടുതൽ എക്കേഴ്സുള്ള വലിയ ജന്മികളുടെ വസ്തുക്കൾ പാട്ടത്തിന് വാങ്ങി അനുഭവിച്ചുകൊണ്ടിരിക്കുന്ന സാധുക്കൾ അനുഭവിക്കേണ്ടിവന്നിരിക്കുന്ന ദുരിതങ്ങളെ നിവാരണം ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്നുള്ള അഭിപ്രായത്തിൽതന്നെ ഞാൻ നിൽക്കുന്നു. എന്നാൽ അങ്ങനെ വരുമ്പോഴുണ്ടാകുന്ന ആഘാതപ്രത്യാഘാതങ്ങളിൽ അവയുടെ ഫലത്തേയും വേണ്ടവണ്ണം ആലോചിക്കാതേയും അതിലന്തർഭവിച്ചിരിക്കുന്ന കാര്യങ്ങൾ മുൻകൂട്ടി കരുതാതേയും കൊണ്ടുവന്നിരിക്കുന്നു എന്നാണ് എനിക്കു പറയുവാനുള്ളത്. അതുകൊണ്ടുതന്നെയാണ് ബിൽ സെലക്ററുകമ്മിറ്റിക്കയച്ചതും.

MR. PRESIDENT: Please confine your views to the amendment.

MR. K. K. CHELLAPPAN PILLAI: എങ്കിലും അതു മാറി, ജനങ്ങളിൽ നിന്നുമുണ്ടായിട്ടുള്ള അഭിപ്രായഗതികളിൽനിന്നുമാണ് വ്യക്തമാകുന്നത്. അതുകൊണ്ടു ആ അഭിപ്രായഗതികളെ ആദരിച്ചു നാം ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

MR. P. T. CHACKO: ഈ ഭേദഗതി സാധാരണക്കാരെ സഹായിക്കാനാണെന്ന വിചാരമുണ്ടോ?

MR. K. K. CHELLAPPAN PILLAI: ഉണ്ടെന്നാണ് എന്റെ വിശ്വാസം.

MR. P. T. CHACKO: ഭേദഗതികൊണ്ടു പണക്കാരേയും സഹായിക്കുന്നതായി വരുന്നില്ലേ?

MR. K. K. CHELLAPPAN PILLAI: ഉണ്ട്. എന്നാലും കുടുതൽ സാധാരണക്കാരേയും കുറേ പണക്കാരേയും ഇതു സഹായിച്ചേക്കാമെന്നേയുള്ളു. ആ കാരണംകൊണ്ടാണ്, അതായതു കുറേ പണക്കാർക്കു ഗുണകരമാണെങ്കിലും, വളരെ സാധുക്കൾക്ക് ഇതുകൊണ്ടുള്ള ഗുണം നിഷേധിക്കാൻ പാടില്ലെന്ന കാരണത്താലാണ് ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങണമെന്നു പറയുന്നത്.

MR. P. C. GEORGE: ഒരു വസ്തുവിനു കുടുതൽ അവകാശികളുണ്ടാകും. അങ്ങിനെ വരുമ്പോഴോ?

MR. K. K. CHELLAPPAN PILLAI: അങ്ങനെയുള്ള കാര്യങ്ങളെ ക്രോഡീകരിച്ചാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇപ്പോൾ എടുത്തിട്ടുള്ള എക്കണോമിക്സ് സർവ്വേയും, സെൻസസ്സും അനുസരിച്ച്, തിരുവിതാംകൂറിൽ അധികവും ചില്ലറ അതായത് അഞ്ചേക്കറിൽ കുറഞ്ഞ ഭൂസ്വത്തു

LIBRARY ARCHIVES Kerala Legislative Assembly

ള്ളവരാണെന്നാണ് കാണുന്നത്. ഇത് ശരിക്കു മനസ്സിലാക്കാതെയാണ് ഗവണ്മെൻറ് ഇപ്പോൾ ഇതിനു മുൻപോട്ടു വന്നതെന്നാണ് ഞാൻ ധരിക്കുന്നത്. അങ്ങനെ പല സ്ഥലങ്ങളിലുമായിട്ട് അവകാശികൾ ക്രൂരതരായിട്ടുള്ളതുകൊണ്ട് ഭാഗപ്പെട്ടു പോകുന്നവരുണ്ട്. തുണ്ടു തുണ്ടായിട്ടുള്ള ഭൂമികൾ, വലിയ ഭൂസ്വത്തു പാട്ടത്തിനു വാങ്ങിച്ചിരിക്കുന്നവരുടെ പാട്ടവസ്തുക്കളുടെ ഇടയ്ക്കു കിടക്കുകയാണെങ്കിൽ, ഈ കുറഞ്ഞ തുണ്ടുഭൂമിയുള്ളവൻ അതും ഈ വലിയ ആളിനു പാട്ടത്തിനു കൊടുക്കും. അങ്ങിനെയുള്ളവരുടെ ഭൂമി തിരിച്ചെടുക്കാൻ — അവക്കുള്ള അവകാശം നിഷേധിക്കാൻ പാടില്ലെന്ന കാരണത്തെ ആസ്പദമാക്കിയാണ് ഞാൻ ഭേദഗതിയെ ചിൻതാക്കുന്നത്.

MR. THARIATHU KUNJITHOMMAN : സർ, ഞാൻ ഈ ഭേദഗതിയെ ശക്തിയായി എതിർക്കുന്നു. ഇപ്പോഴത്തെ ബില്ലിൽ പല കുഴപ്പങ്ങളുമുണ്ടെന്നു മാത്രമല്ല, ജനങ്ങളുടെ അവകാശങ്ങൾക്കു ഹാനികരമായ പല വശങ്ങളുമുണ്ട്. സാമാന്യജനങ്ങളെ രക്ഷിക്കുവാനുള്ള കാര്യങ്ങളല്ല ഈ ബില്ലിൽ ഉള്ളതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. സാമാന്യജനങ്ങളുടെ ജീവിതക്ലേശങ്ങൾക്ക് ന്യായമായ മാർഗ്ഗത്തിൽക്കൂടി പരിഹാരം ഉണ്ടാക്കുന്നതിനും വേണ്ടിയാണ് ഈ നിയമംകൊണ്ടുവന്നിരിക്കുന്നതെന്നുള്ളതു നിർവ്വിവാദമായ ഒരു കാര്യമാണ്. ഭൂരിപക്ഷഭൂരിസുഖമെന്നുള്ള അടർശമാണ് ഇതിൽ സ്ഥിതിചെയ്യുന്നതെങ്കിലും അതുകൊണ്ടു പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും ഇതുമൂലമുണ്ടാകും. ഈ മാസം കഴിയുമ്പോൾ എല്ലാകാര്യങ്ങളും പുനഃപരിശോധന ചെയ്യുന്നതാണെന്നു ഒരു വ്യവസ്ഥ ഇതിൽ ഉണ്ട്. എന്നാൽ ഈ മാസത്തേക്കല്ല ഒരു നിമിഷത്തേക്കുപോലും അനീതി വാഴിക്കുന്നതു ശരിയല്ല. ഇപ്പോൾ ചില ഭേദഗതികൾ വരുത്തുന്നതു ശരിയായ രീതിയിലല്ലെങ്കിൽ അതുകൊണ്ടു പിന്നീട് പല കുഴപ്പങ്ങളുമുണ്ടാകും. നാം നമ്മുടെ അയൽ രാജ്യങ്ങളിലെ സംഗതികൾകൂടി ഈയവസരത്തിൽ വീക്ഷിക്കേണ്ടതാണ്. കൊച്ചിയും തിരുവിതാംകൂറുമായി യോജിക്കും; ഐക്യകേരളമുണ്ടാകും; മദ്രാസ് പ്രവിശ്യയിൽ ലയിക്കും, പ്രത്യേകം തമിഴ്നാടു ഉണ്ടാകാൻ പോകുന്നു എന്നെല്ലാം ഇപ്പോൾ പറയുന്നുണ്ടല്ലോ. എല്ലാംകൊണ്ടും ഇപ്പോഴത്തെ നില ഭേദപ്പെട്ടതെന്നാണ് ഞാൻ വിചാരിക്കുന്നത്. നമ്മുടെ രാജ്യത്തിനടുത്തുകിടക്കുന്ന കൊച്ചിയിൽ ഇതുസംബന്ധിച്ച് ഒരു പരിമിതി ഉണ്ടാക്കിയിട്ടുണ്ട്. ഭൂമിയുടെ കാര്യത്തിൽതന്നെ ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു ഞാനിവിടെ വായിക്കാം.

"the intermediate land lord .....Shall not together with the area in the direct possession of the land lord, exceed the area of five acres."

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithomman]

ഇതനുസരിച്ച് അഞ്ചേക്കർ ഒരു കുടുംബത്തിലുള്ള എല്ലാ അംഗങ്ങൾക്കും ലഭിക്കാൻ അവകാശമുണ്ട്. അതുകഴിച്ചിട്ട് ബാക്കിയുള്ള തുമാത്രമേ ഒഴിപ്പിക്കാൻ പാടുള്ളുവെന്നാണ് എന്റെ അഭിപ്രായം. വസ്തുടമസ്ഥൻ വളരെ അധ്വാനിച്ചാണ് സ്വത്തുണ്ടാക്കുന്നതെന്നുള്ള പരമാർത്ഥം ആരും വിസ്മരിക്കാൻപാടില്ല. അങ്ങനെ അദ്ധ്വാനിച്ച് ഭൂമിയുണ്ടാക്കിയവനെ ഒരു കുടുംബത്തിൽ അഞ്ചംഗങ്ങൾ ഉണ്ടെങ്കിലും അഞ്ചേക്കറേ കൊടുക്കാവൂ എന്നു പറയുന്നതു നീതിയല്ല. ഒരു കുടുംബത്തിൽ ചിലപ്പോൾ പത്തും പതിനഞ്ചും അംഗങ്ങൾ കാണും. ഓരോ അംഗത്തിനും അര ഏക്കർ വീതമെങ്കിലും കൊടുക്കേണ്ടേ എന്നാണ് ഞാൻ ചോദിക്കുന്നതു്.

ഓരോ അംഗത്തിനും അഞ്ചേക്കർ വീതമെങ്കിലും കൊടുക്കണം; ബാക്കിയുള്ളതു് വെറുംപാട്ടക്കാർ എടുത്തുകൊള്ളട്ടെ. എട്ടും പത്തും അംഗങ്ങളുള്ള ഒരു കുടുംബത്തിനു അഞ്ചേക്കറേ പൊതുവിൽ കൊടുക്കുകയുള്ളുവെന്നു പറയുന്നതു് ന്യായമല്ല. 4 അംഗങ്ങളുണ്ടെങ്കിൽ അതിനെങ്കിലും ന്യായത്തിനു കൊടുക്കേണ്ടേ? അതുപോലെ ബ്രാഹ്മണരുടേയും, നായരുടേയും, ക്രിസ്ത്യാനികളുടേയും ഇടയിൽ ഉണ്ടായിട്ടുണ്ട്. ഓരോരുത്തർക്കെങ്കിലും ഒരു വീട്ടിലുള്ള ഓരോ അംഗത്തിനും കൊടുത്തിട്ടു ബാക്കിയുള്ളതു് നഷ്ടപ്പെടണമെന്നു പറഞ്ഞാൽ അതിൽ ഒരു സാമാന്യനീതിയെങ്കിലുമുണ്ട്.

MR. A. CHIDAMBARANATHA NADAR : ஒரு கேள்வி இந்த Bill ஞல் யாராவது ...

MR. THARIATHU KUNJITHOMMEN: உமக்கு ஏதாவது பேசலாமென்றிருந்தால் பின்பு பேசிக்கொள்ளலாம்.

അതുകൊണ്ടു് ഈ ബില്ലിന്റെ അലകുംപിടിയും മാറണം. ഇതിന്റെ പേരുതന്നെയും മാറണമെന്നാണ് എന്റെ ശക്തിയായ അഭിപ്രായം. ഇതൊന്നും ചെയ്യാതെ ഒരു ഭേദഗതികൊണ്ടുവന്നാൽ അതുകൊണ്ടു പ്രയോജനമില്ല. ഇതു് നീതിക്കു വിരുദ്ധമായ ഒരു ഭേദഗതിയാണ്. അതിനാൽ ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു. സാമാന്യജനങ്ങൾക്കു് രക്ഷനൽകണമെന്നു ഉദ്ദേശ്യമുണ്ടെങ്കിൽ അതു പുതിയ ബിൽതന്നെ കൊണ്ടുവരണം. എങ്കിൽമാത്രമേ സാമാന്യജനങ്ങളുടെ ജീവിതക്ലേശത്തിനു കുറവുവരികയുള്ളു. ഇതുയും പ്രസ്താവിച്ചുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നു.

MR. JOSEPH MALIECKAL : സർ. ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. സാധുക്കളായ ആളുകളെ അവർ താമസിക്കുന്ന വസ്തുക്കളിൽ നിന്നു വസ്തുടമസ്ഥന്മാർ നിരാശ്രയരായി ഇറക്കിവിടുന്നു എന്ന മുറവി

LIBRARY ARCHIVES Kerala Legislative Assembly

ളിക്കു എന്തെങ്കിലും സമാധനമുണ്ടാക്കുവാൻ ഇനിയും കാലതാമസംവരുന്നതുകൊണ്ടും എല്ലാകാര്യങ്ങളും ആലോചിച്ച് ഒരു നിയമം നിർമ്മിക്കുന്നതിനു സമയം ആവശ്യമായതുകൊണ്ടും ഈ ഘട്ടത്തിൽ ആളുകളെ വസ്തുവിൽ നിന്നും ഭയപ്പെടുത്തിയും ബലംപ്രയോഗിച്ചും ഇറക്കിവിടാതിരിക്കാൻ ഗവണ്മെൻറിൽ നിന്നു താൽക്കാലികമായി ഉണ്ടാക്കുന്ന ഒരു നിയമമാണ് ഇതു്. ഇതിൻറെ പരിധിയിൽ ആദ്യം വെറുംപാട്ടക്കാരെ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളു. അതുപോലെ ഒറ്റിക്കാരെയും പാട്ടക്കാരെയും പണയക്കാരെയും കൂടി ഉൾപ്പെടുത്തണമെന്ന നിർബന്ധം ചിലകുണ്ടായതിൻറെ ഫലമായി അവരെയും ഉൾപ്പെടുത്തി. അതുകൊണ്ടു തൃപ്തിപ്പെടാതെ വാരക്കാരെയും പാതിവാരക്കാരെയും ഉൾപെടുത്തണമെന്നുപറഞ്ഞു. അതും കഴിഞ്ഞു് ഈ ബിൽ ഇപ്പോൾ സഭയുടെ പരിശോധനക്കു വിണ്ടും വന്നിരിക്കുകയാണു്. ഇപ്പോൾ പറയുന്നു ഒറ്റിക്കാരിൽനിന്നും കുറെ റുക്കർ വസ്തു തൈമാറണമെന്നു്. ഇതു കാണുമ്പോൾ എനിക്കു് കഴുതയേയുംകൊണ്ടുപോയ അപ്പൻറെയും മകൻറെയും കഥയാണു് ഓർമ്മവരുന്നതു്. അതായതു ഒരോരുത്തൻ തുള്ളുമ്പോൾ ആ താളത്തിനൊത്തു് ഈ സഭ കൂത്തകളിക്കാൻ പോകയാണെന്ന പൊതുജനങ്ങൾ തെറ്റിദ്ധരിക്കും.

MR. P. T. CHACKO: കഴുതയെക്കൊണ്ടുപോയ അപ്പനും മകനും ഈ കൂട്ടത്തിൽ ആരാണു്.

MR. JOSEPH MALIEKAL : ഈ ഭേദഗതി ഇവിടെ ഹാജരാക്കിയ എൻറെ സ്നേഹിതൻ കൊണ്ടുവന്നിരിക്കുന്ന ഒരു പ്രധാനവാദം ഈ ബില്ലിൽ എല്ലാവസ്തുക്കളെയും ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതാണു. പ്രോനോട്ടും പ്രകാരവും മറ്റും പണം സമ്പാദിച്ചിട്ടുള്ളവരെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും അതുകൊണ്ടു മറ്റുചിലരെ കൂടി ഒഴിവാക്കണമെന്നുമാണു് വാദം. ഒന്നുകിൽ ഇതിൻറെ അടിസ്ഥാനം തന്നെ മനസ്സിലാക്കാഞ്ഞതുകൊണ്ടോ അല്ലെങ്കിൽ മനഃസിലാക്കിയിട്ട് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കണം എന്നുള്ള ഉദ്ദേശ്യത്തോടുടിയോ ആണു് ഈ ഭേദഗതികൊണ്ടു് വന്നിരിക്കുന്നതു്. ഈ നിയമം പ്രത്യേകമായി വരാനിരിക്കുന്ന ഒരു നിയമത്തിൻറെ കാലംവരെ മാത്രമേ ഊർജ്ജിതത്തിൽ ഇരിക്കുകയുള്ളു. ഈ നിയമം വസ്തുഉടമസ്ഥന്മാരെയും വസ്തുഈനുവേക്കാരെയും രക്ഷിക്കുവാനും അവർക്കുതമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കുവാനുമായി ഏർപ്പെടുത്തുന്നതാണു്. ഇവിടെ ഒരു ഡിറ്റ് റിലീഫ് ആക്ടുണ്ടു്. അതു് അമൻറ ചെയ്യണമെന്നും ആരും പറഞ്ഞു കേട്ടില്ല. അതിനെക്കുറിച്ചു് ഈ സഭക്കോ ഗവണ്മെൻറിനോ ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Malieckal]

അഭിപ്രായവുമില്ല. അതുകൊണ്ട് മേലാലത്തേക്കു നാം ഉണ്ടാക്കാന്പോ ശിക്കുന്ന നിയമംകോടതിഡിക്രിയെ ബാധിക്കുന്ന ഒന്നല്ല. അതുകൊണ്ട് ചെറിയപണമിടപാടുകളുമായി വസ്തുലേലത്തിൽ വയിക്കണമെന്നു പറയുന്നതിൽ അർത്ഥമില്ല. ഏതായാലും ഭൂമി അവകാശത്തേയും കൈവശത്തേയും ആളുകൾതമ്മിൽ ഉള്ള കരാറുകളേയും വസ്തു ഉടമസ്ഥാവകാശത്തേയും നിയന്ത്രിക്കുന്ന ഒരു നിയമമാണ് ഉണ്ടാക്കാൻപോകുന്നത്. ഈ പുതിയ വാദങ്ങൾ സ്വീകരിച്ചാൽ പഴയ വ്യവസ്ഥകളെ ആശ്രയിക്കേണ്ടിവരും. പുതിയ വ്യവസ്ഥകൾ ഉണ്ടാക്കുവാനാണു നമ്മുടെ ശ്രമം. തൽക്കാലത്തേക്കു ചില അസൗകര്യങ്ങളെല്ലാം ചിലർക്കുണ്ടാകും. എന്നാൽ കുറെപ്പേർക്കു മാത്രം ഗുണമുണ്ടായാൽ മതിയോ എന്നുള്ളതാണ് നാം ഈ അവസരത്തിൽ ചിന്തിക്കേണ്ടത്. സാധുക്കൾക്ക് സംരക്ഷണം നൽകണമെന്നുണ്ടെങ്കിൽ അൽപം വല്ലതും ഒറിയും പാട്ടവും വാങ്ങിയിട്ടുള്ളവരെ ഉപദ്രവിച്ചുകൂടാ. രണ്ടോ മൂന്നോ ഏക്കർ സ്ഥലം ഒറിയോ പാട്ടമോ ഉള്ളവനു അവൻ ദീർഘകാലമായി പാട്ടമേറ്റിരിക്കുന്ന വസ്തുവിട്ടുകൊടുക്കണമെന്നു നിയമമുണ്ടാക്കുന്നതു ശരിയല്ല. അതു് ഒഴിപ്പിക്കാൻ ഈ മുൻഉടമസ്ഥനും അവകാശമുണ്ടെന്നു പറയുമ്പോൾ അതു് അധികവും ബാധിക്കുന്നതു് സാധാരണക്കാരനെമാത്രമാണ്. അതായതു് അവന്റെ കൈവശമിരിക്കുന്ന വസ്തുവിനെ ഒഴിപ്പിച്ചെടുക്കാൻ ഉടമസ്ഥനു് സൌകര്യംകൊടുക്കണമെന്നു് പറയുന്നതു് ശരിയല്ല. ഇതു് ആറുമാസത്തേക്കെ നിലവിലുള്ളുവെങ്കിലും വരാനിരിക്കുന്ന വ്യവസ്ഥകളെ കൂടി നാം ആലോചിക്കണം. ഇന്നു് ഇവിടെ അഞ്ചേക്കർ എന്നൊരു വ്യവസ്ഥ ചെയ്താൽ ഇനി പുതുതായി നിയമമുണ്ടാക്കുമ്പോഴും നാം അതു സ്വീകരിക്കേണ്ടിവരും. ശ്രീമാൻ പാപ്പുപിള്ള അവർകളുടെ ഭേദഗതിയും സ്വീകാര്യമല്ല. അതുകൊണ്ടു് അർക്കും ദോഷം വരാനില്ലെന്നു പറഞ്ഞുകേട്ടു. എന്റെ അഭിപ്രായത്തിൽ സാധുക്കൾക്കു് അതു് വളരെ ദോഷംചെയ്യും. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

MR. P. T. CHACKO: ഈ ഭേദഗതിയെ ഒരു കാരണംപൂണ്ടിക്കാണിച്ചുകൊണ്ടു എതിർക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ ഭേദഗതിയുടെ രണ്ടാമത്തേഭാഗം ഇവ സഭയിലെ എല്ലാ അംഗങ്ങളും ശ്രദ്ധയോടുകൂടി വായിച്ചുനോക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. മൂന്നാമത്തെ ക്ലോസിൽ "This Act shall not apply to mortgagees, lessees or occupants who own or possess on irredeemable tenure, more than 5 acres of other land." എന്നാണു് വരുന്നതു്. ഒരു പാട്ടക്കാരനു് എത്രത്തോളം വസ്തു

LIBRARY ARCHIVES Kerala Legislative Assembly

പാട്ടമുണ്ടെങ്കിലും ശരി അയാൾക്ക പാട്ടവസ്തുക്കടാതെ അഞ്ചേക്കറിൽ കൂടുതൽ വസ്തു ഉണ്ടെങ്കിൽ അവന്റെ സ്വത്തു ഒഴിപ്പിക്കാൻ പാടില്ലാ എന്നാണ് ഈ ഭേദഗതിയുടെ അർത്ഥം. ഇതും ഇതിന്റെ ആദ്യഭാഗവും തമ്മിൽ താരതമ്യപ്പെടുത്തിനോക്കുമ്പോൾ മി. കെ. കെ. ചെല്ലപ്പൻപിള്ളയും വേലായുധൻനായരും പറഞ്ഞവിധത്തിൽ ഏതെങ്കിലും ഒരു കൃഷിയെ സഹായിക്കാനാണോ ഇതെന്നു ഞാൻ ചോദിക്കുന്നു. അഞ്ചേക്കറിൽകൂടുതൽ പാട്ടക്കാരനു വസ്തു കൈവശമുണ്ടെങ്കിൽ സ്റ്റേ കൊടുക്കാൻ പാടില്ല. വസ്തു ഒഴിപ്പിച്ചെടുക്കാം. ഇതാണ് ഭേദഗതി. അതുപോലെ പാട്ടംകൊടുക്കുന്ന ആളിനു അഞ്ചേക്കറിൽ കുറവാണെങ്കിലും സ്റ്റേകൊടുക്കാൻ പാടില്ല. അതോടുകൂടിതന്നെ എന്നുവരെ ഈ വ്യവസ്ഥയുണ്ടായിരിക്കണമെന്നുള്ളതിനെപ്പറ്റിയും യാതൊരു വ്യവസ്ഥയുമില്ല. ആ നിലയിൽ ഈ ഭേദഗതി പാസ്സാക്കുന്നതുകൊണ്ട് ഈ ബില്ലിലെ മറ്റുവ്യവസ്ഥകൾ എങ്ങനെയിരുന്നാലും കുഴപ്പമുണ്ടാക്കാമെന്നല്ലാതെ ഇതു പാവപ്പെട്ടവനെ സഹായിക്കാനാണെന്നു പറഞ്ഞുകൂടാ. പാട്ടക്കാരനു അഞ്ചേക്കറിൽ കൂടുതൽ വസ്തു ഉണ്ടെങ്കിൽ എത്ര പാട്ടമുണ്ടെങ്കിലും ശരി എത്ര വർഷക്കാലമായിട്ട പാട്ടമാണെങ്കിലും ശരി സ്റ്റേ കൊടുക്കാൻ പാടില്ലെന്നാണ് പറയുന്നത്. അതുപോലെതന്നെ വീതം വച്ചുകഴിയുമ്പോൾ പാട്ടംകൊടുത്തയാൾക്ക ഏതെങ്കിലും കാരണത്താൽ അഞ്ചേക്കറിൽ കുറവാണെങ്കിൽ അതിനും സ്റ്റേകൊടുക്കാൻ പാടില്ല. അവനു ആയിരം ഏക്കർ വസ്തു ഉണ്ടെങ്കിലും അതു വിറ്റാൽ അയാൾക്കു ഒഴിപ്പിക്കാൻ സാധിക്കും. അങ്ങനെ മറുപേരിലാക്കി ഒഴിപ്പിക്കാൻ സാദ്ധ്യമല്ലെന്നു വ്യവസ്ഥയൊന്നുമില്ല. ഈ ക്ലോസ് ഇതുമാതിരി പാസ്സാക്കിയാൽ സ്റ്റേ നിൽക്കാത്ത ഒരു സ്ഥിതിയിൽ ആയിപ്പോകും. സ്വത്തുകാരനു ഒരു വസ്തുഒഴിപ്പിക്കണമെങ്കിൽ ആ വസ്തു അന്യരുടെപേക്ക എഴുതിയാൽമതി. പിന്നീടു നടപടിനടത്തിയാൽ സ്റ്റേ ഉണ്ടാകയില്ല. എന്നു പറഞ്ഞാൽ നിർദ്ദാക്ഷിണ്യം എല്ലാ വസ്തുക്കളുമൊഴിപ്പിച്ചെടുക്കാൻ സൗകര്യം എല്ലാവക്കും ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള കഴിവ് ഈ ഭേദഗതി ഉണ്ടാക്കികൊടുക്കുന്നു. സ്വന്തംപേരിലുള്ള വസ്തു മറ്റൊരാളുടെ പേരിൽ ചാർത്ത് എഴുതിയാൽ സ്റ്റേ നിൽക്കുകയില്ല എന്ന പതനഞ്ഞിലേക്ക ഈ ഭേദഗതി പാസ്സായാൽ കാര്യങ്ങൾ പോകും. ഈ ബില്ലിലെ മറ്റു സകല വ്യവസ്ഥകളുംകൊണ്ടു എന്തെങ്കിലും ഗുണം ആക്കെങ്കിലും ഉണ്ടാകുമെങ്കിൽ അതു് ഇല്ലായ്മചെയ്യാനായി കൗശലപൂർവം കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണ് ഇതു. ഇതിനെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI : ഞാൻ ഈ ദേഭഗതിയെ അനുകൂലിക്കുന്നു. ഈ ബിൽ പാവപ്പെട്ടവനെ സംരക്ഷിക്കുവാനെന്ന വ്യാജേന വസ്തുടമസ്ഥന്മാരേയും പണക്കാരേയും സഹായിക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണെന്നും കുറെയെല്ലാം വസ്തു ഉള്ളവന്റെ കയ്യിൽനിന്നും അത് പണക്കാരന്ന് കൈവശമാക്കാൻ വേണ്ടിയാണെന്നും ഈ ബില്ല് ഇവിടെ അവതരിപ്പിച്ചപ്പോൾതന്നെ ഞാൻ ആക്ഷേപിച്ചിട്ടുള്ളതാണ്. ഇന്നത്തെ ഈ ദേഭഗതി ഇതിനു അല്പമെങ്കിലും ഒരു ആശ്വാസം കിട്ടാൻ കൊണ്ടുവന്നിട്ടുള്ളതാണെന്നു കാണാം. പാവപ്പെട്ടവരെ സഹായിക്കുവാനും രക്ഷിക്കുവാനും ഉള്ള എന്തെങ്കിലും വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുമായിരുന്നു. ഈ ദേഭഗതി അവതരിപ്പിച്ചപ്പോൾ അതെങ്കിലും പാസ്സാകുമെന്നു വിചാരിച്ച് ഞാൻ സന്തോഷിച്ചു. എന്നാൽ അതു അസ്ഥാനത്തിലായി. എന്റെ വാദങ്ങൾ പരമാർത്ഥം മാത്രമാണെന്നു പൊതുജനങ്ങളെ അറിയിക്കാനും ഈ ദേഭഗതിയോടുള്ള എതിർപ്പു പ്രകടിപ്പിപ്പാനുമാണ്. അഞ്ചേക്കറെങ്കിലും അല്ലെങ്കിൽ രണ്ടേക്കറെങ്കിലും— അല്ലെങ്കിൽ എത്രയെങ്കിലും ഒരു നിശ്ചിതമായ അളവിൽ വസ്തു ഉള്ള ആൾ എന്നു മാത്രമേ ഈ ദേഭഗതികൊണ്ടർത്ഥമാകുന്നുള്ളൂ. ഈ ദേഭഗതി സ്വീകരിക്കാത്തപക്ഷം കൂടുതൽ വസ്തു കൈവശമുള്ളവന്റെ കയ്യിൽ നിന്നു ചെറിയ വസ്തുടമസ്ഥന്മാരെ തള്ളിക്കൊടുത്തു് അവനെ കൂടിയിരുത്താനുള്ള ഒരു ശ്രമമായിരിക്കും നടക്കുവാൻപോകുന്നതു്. എന്റെ ഒരു സ്നേഹിതൻ ഇവിടെ പറയുന്നതുകേട്ടു, പത്തോ അയ്യായിരമോ പറനിലമുള്ളവൻ ഒരു ചെറിയ വസ്തു ഒഴിപ്പിക്കാൻവേണ്ടി അവന്റെ കൈവശമുള്ള വസ്തു സ്ഥാനക്കാരുടെ പേരിൽ ചാരെഴുതിക്കുമെന്നു്. ഇതൊക്കെ പറയുന്നതുകേട്ടാൽ അതായതു് അയ്യായിരം ഏക്കർ വസ്തു ഉള്ളവൻ രണ്ടേക്കർ ഒഴിപ്പിക്കാൻവേണ്ടി അവന്റെ വസ്തു മുഴുവനും അന്യാധീനപ്പെടുത്തുമെങ്കിൽ അവന്റെ തലയിൽ ആണികാണാകയില്ലെന്നാണ് എനിക്കു തോന്നുന്നതു്.

MR. K. K. CHELLAPPAN PILLAI : തിരുവിതാംകൂറിൽ നൂറേക്കറിൽ കൂടുതൽ ഉള്ളവർ വ ൦ ൦ പേരെ ഉള്ളുവെന്നറിയാമോ ?

MR. MANNATHU PADMANABHA PILLAI : എനിക്കറിയാം. ഇപ്പോൾ ഉത്തരം പറയണമെന്നു് വിചാരിക്കുന്നില്ല. അതുകൊണ്ടു് കുറെ ആളുകൾക്കെങ്കിലും രക്ഷകിട്ടട്ടെ എന്നുള്ള ഏറ്റവും സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഈ ദേഭഗതിയെപ്പോലും എതിർക്കുകയും അസംബന്ധങ്ങളായ കാര്യങ്ങൾ മുണ്ടിക്കാണിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതു് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

നിർഭാഗ്യകരമാണ്. ചാരെഴുത്ത് ഈ രാജ്യത്ത് ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. നേരത്തെ ഭോഗ്യമാരുടെപേരിൽ വസ്തുക്കൾ ചാരെഴുതിച്ച് ധൂർത്തടിച്ചശേഷം അന്യരെ കളിപ്പിക്കാൻവേണ്ടി കൈമലർത്തുന്ന ഒരു ക്രൂരരുണ്ട്. പക്ഷെ അതു ഈ രാജ്യത്തെ സാമാന്യജനങ്ങളുടെ ഒരു സാധാരണനടപടിയല്ലെന്നു നാം ഓർക്കേണ്ടതാണ്. ഈ മാതിരി സങ്കല്പമുള്ളവർ നമ്മെ ഒരുവേള വഴിതെറ്റിച്ചുവെന്നുംവരാം. പൊതുവിൽ അതും കബളിപ്പിക്കൽ ഒരു തത്വമായി സ്വീകരിച്ചിട്ടില്ല. ഒരുവനു അഞ്ചോ പത്തോ സെന്റ് സ്ഥലമുണ്ടെങ്കിൽ അവൻ മരിക്കുന്നതുവരെ അതിൽ കിടക്കണമെന്നു വിചാരിക്കാതെ പട്ടം ഒഴിപ്പിക്കാൻവേണ്ടി തൽക്കാലത്തേക്കു അയൽക്കാരന്റെ പേരിൽ ചാരെഴുതിവിട്ട് പാട്ടത്തിന്റെ ഡിക്രിക്കു വേണ്ടി പോകുമെന്നു വിശ്വസിക്കത്തക്ക മൗഢ്യം എനിക്കില്ല. മി. നാണു പറഞ്ഞതുപോലെ ഈ ജന്മി കോടതിയിൽപോയാൽ വസ്തു ഒഴിപ്പിക്കാൻവേണ്ടി എന്തെല്ലാം കഷ്ടപ്പാടുകളും സഹിക്കണം. അന്യന്റെ കയ്യിൽ പാട്ടമിരിക്കുന്ന ഒരു വസ്തു ഒഴിപ്പിക്കാൻവേണ്ടി താൻ വസിക്കുന്ന വസ്തു ചാരെഴുതുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ട് സാമാന്യജനങ്ങൾക്കു അല്പമെങ്കിലും ആശ്വാസം നൽകണമെന്ന് ഈ ബില്ലിന്റെ പ്രയോക്താവു് ആഗ്രഹിക്കുന്നപക്ഷം ഈ ഭേദഗതി സ്വീകരിക്കേണ്ടതാണ്. അതു പോലുംചെയ്യാതെ ഇതെല്ലാം മൂടിപ്പൊതിഞ്ഞു കുപ്പുപ്പം ൫൦൦൦ പറ നിലം, ഉടമസ്ഥൻ ഒഴിപ്പിക്കാതിരിക്കുന്നതിനുവേണ്ടി ഒരു സന്ദർഭത്തിൽ മുമ്പോട്ടുവരുന്നതായിട്ടാണ് ഈ ബില്ലുകൊണ്ടുകാണുന്നതു്. ഈ ബിൽ പാവപ്പെട്ടവനെ സഹായിക്കുവാൻവേണ്ടി അല്ല പണക്കാരനെ സംരക്ഷിക്കുവാൻവേണ്ടി ആണെന്ന പരമാർത്ഥം തുറന്നു സമ്മതിച്ചാൽ മതിയായിരുന്നു. അക്കാര്യം തുറന്നു പറഞ്ഞിരുന്നെങ്കിൽ ഞാൻ മിണ്ടാതിരുന്നേക്കാമായിരുന്നു. ഇതു സാധുക്കളെ രക്ഷിക്കാനാണെന്നു പറകയും അഞ്ചേക്കറെന്നോ മറ്റോ എന്തെങ്കിലും ഒരു വ്യവസ്ഥ വയ്ക്കണമെന്നു പറയുന്നതിനെ എതിർക്കുകയും ചെയ്യുന്നതിന്റെ പൊരുൾ മനസ്സിലാക്കാൻ സാധിക്കുന്നില്ല. വസ്തുവില്ലാത്തവനും വസ്തുകൊടുക്കണമെന്നുള്ള ഒരു പൊതുതത്വത്തെ അവലംബിച്ച് ഒരു ബില്ലായിരുന്നുകൊണ്ടുവന്നിരുന്നതെങ്കിൽ അതിനെ ഞാൻ ആദ്യമായിത്തന്നെ സഹാഗതംചെയ്യുകയും അനുകൂലിക്കയും ചെയ്യുമായിരുന്നു. നേരേമറിച്ച് കൃഷിചെയ്യാൻ പാടത്തിറങ്ങാതെ പതിനായിരം പറ നിലം വെറുംപാട്ടമായി കൃഷിചെയ്തുകൊണ്ടിരിക്കുന്ന മുതലാളിമാർ പതിരുപ്പെടെ വളരെ കുറച്ചുമാത്രം പാട്ടംകൊടുത്തശേഷം അനേകായിരം രൂപാ സമ്പാദിച്ചിട്ടുള്ളവർ ഒരിക്കലും വസ്തു ഉടമസ്ഥനു ഒഴിഞ്ഞുകൊടുക്കേണ്ട എന്നൊരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai.]

വ്യവസ്ഥ ഒരു ജനകീയഗവണ്മെൻറ് നടപ്പിൽവരുത്തുന്നതു് അതുക്കും പാർഹമാണു്. ഈ ബില്ലിനെസംബന്ധിച്ചു് പൊതുജനാഭിപ്രായത്തിൽ എതുമാത്രം തെറ്റിദ്ധാരണയും അതൃപ്തിയുമുണ്ടെന്നു പുനലൂർ സംഭവം സാക്ഷ്യംവഹിക്കുന്നതാണു്. വസ്തു ഉടമസ്ഥൻ പാട്ടംചോദിച്ചപ്പോൾ നിനക്കു് നെല്ലല്ല എല്ലാണു് തരുന്നതു് എന്നു പറഞ്ഞു് പാട്ടക്കാരൻ വസ്തുഉടമസ്ഥനെ അടിച്ചതായി നാം പത്രത്തിൽ കണ്ടു. ഈ ഭേദഗതിയെ എതുത്തുകൊണ്ടും അതിന്റെ ഉദ്ദേശ്യശുദ്ധിയെപ്പോലും ചോദ്യംചെയ്തുകൊണ്ടും മുക്കിലും കണ്ണിലും വെള്ളംകയറുന്ന വ്യാഖ്യാനങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും പ്രസംഗിച്ചുകൊണ്ടും മദിക്കുന്നതുകാണുമ്പോൾ ഈ രാജ്യം ഇങ്ങനെ അധഃപതിച്ചുപോയല്ലോ എന്നോർത്തു ഞാൻ ഖേദിക്കതന്നെ ചെയ്യുന്നു. ഗവണ്മെൻറു തന്നെ ഈ ബിൽ തൽക്കാലത്തേക്കു മാത്രമേ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളുവെന്നു പറഞ്ഞു. ആസ്ഥിതിക്കു് ഗവണ്മെൻറിനു് ഇതിൽ ഒരുദ്ദേശ്യമൊന്നും ഇല്ലെന്നുകാണിക്കാൻവേണ്ടി എങ്കിലും, ഈ ഭേദഗതി സ്വീകരിക്കേണ്ടതാണു്. ഈ ബിൽ ഈ രൂപത്തിൽ ഇന്നത്തെ മന്ത്രിമാരും ഉത്തരവാദിത്വമില്ലാത്ത മെംബറന്മാരുംകൂടി പാസ്സാക്കിയാൽ അതു രാജ്യത്തിനു വലിയ നാശവും അവമാനവുമാണു്. ഫലം വിപ്ലവമായിരിക്കും.

MR. P. NANOO : ഇതു സ്വീകരിച്ചില്ലെങ്കിൽ വിപ്ലവം ഉണ്ടാകുമോ ?

MR. MANNATHU PADMANABHA PILLAI : ഇതിനുത്തരവാദിത്വം വഹിക്കുന്നവർ എന്താണു് സംഭവിക്കാൻപോകുന്നതെന്നു കണ്ടതന്നെ അറിയണം. ഉത്തരവാദിത്വബോധമില്ലാത്ത ചില മെമ്പറന്മാരുടെ പ്രവൃത്തിമൂലം ഉണ്ടാകുന്ന ഭവിഷ്യത്തു കണ്ടറിയേണ്ടതുതന്നെയാണു്.

MR. P. NAOO : സർ, ഉത്തരവാദിത്വമില്ലാത്ത മെമ്പറന്മാർ എന്നു പറഞ്ഞതു് എല്ലാവരേയും ബാധിക്കുന്നതാണു്. അതു് സഭയ്ക്കു അപമാനകരമാണു്. അതുകൊണ്ടു് അതു് പിൻവലിക്കേണ്ടതാണു്.

MR. MANNATHU PADMANABHA PILLAI : വളരെ യോഗ്യന്മാരും ബുദ്ധിമാന്മാരുമായ പല മെമ്പറന്മാരും ഇവിടെയുണ്ടു്; ഇല്ലാത്തവരും ഉണ്ടു് എന്നേ ഇതിനർത്ഥമുള്ളൂ.

MR. PRESIDENT : അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അതു പിൻവലിക്കേണ്ടതാണു്.

MR. MANNATHU PADMANABHA PILLAI : ചിലർ എന്നാണു് ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI: സർ, ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ മി. മാളിയേക്കലിന്റെ പ്രസംഗം ഒരു പാരഡോക്സായിട്ടാണ് എനിക്കു തോന്നിയതു്. ഇതു വരെ ചില ഭേദഗതികൾ അവതരിപ്പിച്ചു് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ചില ചോദ്യശരങ്ങളെല്ലാം അയക്കുകയുണ്ടായി. ആറുമാസത്തേക്കല്ലേ ഉള്ളു ഈ ബിൽ, പിന്നെ എന്തിനു വിഷമിക്കുന്നുവെന്നു. ഈ ഭേദഗതിയെ സംബന്ധിച്ചു് മി. മാളിയേക്കലിന്റെ പ്രധാനമായ തർക്കം ഇതു സ്വീകരിച്ചുപോയാൽ ഒരു തത്വം സ്വീകരിച്ചുപോയി എന്നുള്ളതാണു്. അതുകൊണ്ടിതിനെ സ്വീകരിക്കരുതെന്നാണു അദ്ദേഹം വാദിക്കുന്നതു്. ആ ഒരു വാദത്തിൽനിന്നു നമുക്കു മനസ്സിലാക്കാം, കള്ളിയത്തുയും പുള്ളിയിൽനിന്നു വെളിയിൽ വന്നിരിക്കുന്നുവെന്നു്. ആറുമാസത്തേക്കല്ലേയുള്ളു, സാരമില്ലെന്നു വിശ്വസിച്ചിരുന്നവരെ തട്ടിയുണർത്തി കാര്യങ്ങൾ യഥാവിധി ഉണർത്തിക്കുകയാണു് മി. മാളിയേക്കൽ ചെയ്തതു്. ഈ ബിൽ ആറുമാസത്തേക്കുള്ളതെന്നുമല്ല. ഒരു തത്വം സ്വീകരിച്ചാണു് നാം മുന്നോട്ടു പോകുന്നതു്; എന്നാണു് മി. മാളിയേക്കൽ പറഞ്ഞതു്. അതുകൊണ്ടു് അദ്ധ്യക്ഷർ എന്നൊരു പരിധി നിർണ്ണയിച്ചാൽ അതു ഭാവിയിൽ കഴപ്പമാകും. ഈ ഭേദഗതിയെപ്പോലെ ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ അതിലെ തത്വത്തോടു് ഇന്നത്തെ ഗവണ്മെൻറു് യോജിക്കുന്നുവെന്നും പക്ഷേ ശരിയായ കണക്കുകൾ പിന്നീടു് തിട്ടപ്പെടുത്താമെന്നും പറയുകയും ചെയ്തു. ഇതിൽ അടങ്ങിയിരിക്കുന്ന തത്വം ഈ ബിൽ പാസായശേഷവും നാം സ്വീകരിക്കണമെന്നാണു ഞാൻ പറയുന്നതു്. അദ്ദേഹത്തിന്റെ വാദമനുസരിച്ചു് ഭൂമിയുള്ളവർ ഇവിടെ അധികമില്ല. ഒറിയും പണയവുമൊക്കെയുള്ളവർ രണ്ടും മൂന്നും ഏക്കറുള്ളവരാണു്. ഇപ്പോൾ ഇവിടെ ധനവാന്മാരില്ലെന്നാണു് അദ്ദേഹത്തിന്റെ വാദം. ആയിരം ഏക്കർ വസ്തുവുള്ളവൻ വസ്തു ആർക്കും എഴുതുകയില്ലെന്ന അർത്ഥത്തിലാണു് അദ്ദേഹത്തിന്റെ വാദം. അതിനു് എത്രമാത്രം കഴമ്പുണ്ടെന്നു ആലോചിച്ചാൽ മനസ്സിലാകും. മാന്യസ്നേഹിതൻ മി. പി. റ്റി. ചാക്കോ ഈ ഭേദഗതി സ്വീകരിക്കുന്നതിൽ ഒരു തർക്കം പറഞ്ഞതു് വല്ലുവക്കും വസ്തു ചാരെഴുതികൊടുത്തതിന്റെ ശേഷം വസ്തു ഒഴിപ്പിക്കാൻ കേസുകൊടുക്കുമെന്നാണു്. ഇതു് എത്രമാത്രം സാദ്ധ്യമാണെന്നു് കോടതിനിയമങ്ങൾ പരിചയമുള്ളവർക്കെല്ലാം അറിവുള്ളതാണു്. അങ്ങനെ ആരെങ്കിലും ചാരെഴുതിയിട്ടു് കോടതിയിൽ കേസിനു പോയാൽ കോടതിക്കു് അയാളുടെ സ്വത്തിനെക്കുറിച്ചു് ഉടൻ അന്വേഷിപ്പിക്കാം. അയാളുടെ പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

യെപ്പറ്റി കോടതി പര്യാലോചിച്ച് വേണ്ട പരിഹാരം നൽകാൻ കോടതിക്കധികാരമുണ്ടെന്ന കാര്യം സ്നേഹിതൻ മറന്നതു് വിസ്മയാവഹമാണു്.

MR. P. T. CHACKO : അതു് അതുമാതിരി കേസ്സുകളെക്കുറിച്ചല്ലേ സാധിക്കുകയുള്ളൂ.

MR. K. P. NILAKANTA PILLAI : ഇമാജിനേഷൻ പോയാൽ എവിടെവരെ പോകും, രണ്ടേക്കർസ്ഥലം പാട്ടമൊഴിപ്പിക്കാൻവേണ്ടി ആയിരം ഏക്കർ ചാരെഴുതുകില്ലേ എന്നാണു് എന്റെ മാന്യസ്നേഹിതന്റെ സംശയം. അതു മണ്ടന്മാർ ഈ നാട്ടിൽ ഉണ്ടെങ്കിൽ അവർ വഴിയാധാരമായിപ്പോകുമെന്നാണു് ഞാൻ പറയുന്നതു്.

MR. P. T. CHACKO : ഈ ആയിരം ഏക്കറുള്ളവന്നു് വേണമെങ്കിൽ അവന്റെ സ്വന്തക്കാരുടെ പേരിൽ ചാരെഴുതിയിട്ടു് പാട്ടം ഒഴിപ്പിക്കാൻ സാദ്ധ്യമല്ലേ.

MR. K. P. NILAKANTA PILLAI : ഈ ബില്ലിന്റെ വാദപ്രതിവാദം തുടങ്ങിയതുമുതൽ നാം ഇതെല്ലാം കേൾക്കുന്നതാണു്.

MR. K. K. CHELLAPPAN PILLAI : ഒരു ചോദ്യം.

MR. K. P. NILAKANTA PILLAI : ഒരു ചോദ്യവും എന്നോടു ചോദിക്കേണ്ട. അതായതു് അദ്ദേഹം ചോദിച്ചതു ധനവാന്മാരെ സഹായിക്കാനല്ലേ, ഇതൊന്നും യാതൊരു അടിസ്ഥാനവുമില്ലാതെയാണു് ഈ ഭേദഗതികൾ കൊണ്ടുവന്നതെന്നുമാണു്. നെല്ലെടുപ്പു പദ്ധതിയെക്കുറിച്ചുള്ള പ്രസ്നോട്ടു വന്നതിനുശേഷം അഞ്ചേക്കർ വസ്തു ഉടമസ്ഥരുടെ ഒരു ലിസ്റ്റു വന്നിട്ടുണ്ടു്. എന്റെ മാന്യസ്നേഹിതന്മാർ അതിലേക്കു നോക്കിയാൽ ഈ ഭയത്തിനൊന്നും കാരണം കാണുകയില്ലെന്നു മനസ്സിലാക്കാം. തിരുവനന്തപുരം താലൂക്കിലെ ഒരു വലിയ പകുതിയായ മടത്തുവിളാകം പകുതിയിൽ ഈ ഏക്കറിൽ കൂടുതലുള്ളവർ ഏതാപേർ മാത്രമേയുള്ളൂ. ഇങ്ങനെ രാജ്യത്തിലെ കണക്കുനോക്കിയാൽ ഈ ഏക്കർ ഭൂമി കൈവശമുള്ളവർ എത്രയെന്നു നമുക്കു മനസ്സിലാക്കാം. അതുകൊണ്ടുതന്നെ ആയിരവും പതിനായിരവും പറ നിലമുള്ളവരെ സഹായിക്കുവാനാണു് ഈ ഭേദഗതിയുടെ ഉദ്ദേശ്യമെന്ന വാദത്തിന്റെ പൊള്ളത്തരം ഊഹിക്കാവുന്നതാണു്. സാധുക്കൾക്കുവേണ്ടി വെമ്പൽ കൊള്ളുന്ന ആളുകളോടു് അഞ്ചേക്കർ സ്ഥലമുള്ളവർ ഈ രാജ്യത്തു് എത്രയുണ്ടെന്നു ഞാൻ ചോദിക്കുന്നു. ഈ ഭേദഗതി സ്വീകരിക്കേണ്ടതു് സാധുക്കളോടു് അനുകമ്പ പ്രദർശിപ്പിക്കുന്ന എല്ലാ മെമ്പറന്മാരുടെയും

LIBRARY ARCHIVES Kerala Legislative Assembly

കടമയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അല്ലാതെ വെറും പ്രസംഗങ്ങൾകൊണ്ടുമാത്രം യാതൊരു നന്മയും സാധുക്കൾക്കു ഉണ്ടാകുവാൻ പോകുന്നില്ല. ഈ ഭേദഗതി ധനവാന്മാരെ അനുകൂലിക്കുവാനോ സാധുക്കളെ ഉപദ്രവിക്കുവാനോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. പ്രത്യുത ഈ ബിൽമൂലം ഉണ്ടാകാവുന്ന കലാപങ്ങൾക്ക് ഈ ഭേദഗതി ഒരു നിവാരണമാർഗ്ഗമായിത്തീരുന്നതാണു്. ഈ സംഗതി മനസിലാക്കിയും രാജ്യത്തു് സമാധാനം വേണമെന്നു ആഗ്രഹിക്കുന്ന പക്ഷവും ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Mr. P. S. MOHAMMED : സർ, ഈ സഭയിൽ വാദപ്രതിവാദത്തിനു വിധേയമായിരിക്കുന്ന ഈ ഭേദഗതികൊണ്ടു് ധനവാനോ അല്ലെങ്കിൽ ദരിദ്രനോ പ്രത്യേകമായി എന്തെങ്കിലും ഗുണം ഉണ്ടാകുമായിരുന്നു എന്നു വരികിൽ തീർച്ചയായും ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുമായിരുന്നു. ഈ ഭേദഗതി ഈ ബില്ലിൽ വരുത്തുകയാണെങ്കിൽ ഈ ബില്ലിന്റെ ഉദ്ദേശ്യംതന്നെ തെറ്റി എന്നു വരും. നമ്മുടെ മുമ്പാൽ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിന്റെ തത്വം നോക്കുകയാണെങ്കിൽ ഒരു കാര സംഗതി മാത്രമേ ഇതുകൊണ്ടു് ഉദ്ദേശിക്കുന്നുള്ളു എന്നു മനസ്സിലാകും. അതായതു് ധനവാന്റെ കൈയിൽ ഇരിക്കുന്ന വസ്തുവായാലും ദരിദ്രന്റെ കൈയിൽ ഇരിക്കുന്നതായാലും ഒരു ആറുമാസത്തേക്കു് ഇതേ നിലയിൽതന്നെ രണ്ടുകൂട്ടരുടേയും കൈയിൽ ഇരിക്കണമെന്നു മാത്രമേയുള്ളു. ഈ രാജ്യത്തുള്ള സാധുക്കളായ കുടിയാന്മാരെ സാധാരണയായി അവരുടെ വസ്തുക്കളിൽനിന്നും ഒഴിപ്പിച്ചുവരുന്നതായി അനവധി പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അങ്ങിനെയുള്ള പരാതികൾ മേലിൽ ഉണ്ടാകാതിരിക്കുന്നതിനും ഗവണ്മെൻറിൽനിന്നും ഇതിനെ സംബന്ധിച്ചെല്ലാം ഒരു ലാൻറ് പാളിസി ഉണ്ടാക്കി സാധുക്കൾക്കു് ഒരു സമാധാനം ഉണ്ടാക്കുന്നതിനു് അവക്കു പ്രയോജനകരമായവിധം കഴിവുള്ളതു ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണു് ഈ ബിൽ ഇവിടെ വന്നിരിക്കുന്നതു്. അല്ലാതെ ധനവാന്മാരെ കൂടുതൽ ധനവാനാക്കുന്നതിനോ സാധുക്കളെ കൂടുതൽ സാധുക്കളാക്കുന്നതിനോ വേണ്ടി അല്ല, ഇന്നത്തെ നിലയിൽ ഒരാറുമാസത്തേക്കുകൂടി ഉടൻ തുടർന്നുകൊണ്ടുപോകുന്നതിനുവേണ്ടി ഗവണ്മെൻറിൽനിന്നും ഈ ബിൽ കൊണ്ടുവരികയും അതിനിടയിൽ ഇവിടത്തെ ലാൻറ് പാളിസി സാധുക്കൾക്കു് കൂടുതൽ ഗുണം വരത്തക്കവിധം ഗവണ്മെൻറിൽനിന്നും നിർണ്ണയിച്ചു് ഒരു നിയമമാക്കുന്നതിനും ആയിട്ടാണു് ശ്രമിക്കുന്നതു്. അല്ലാതെ ഇവിടെ കുറേ കൂട്ടർക്കു് ഗുണവും കുറേപേർക്കു ദോഷവും ഒന്നും വരാൻ പോകുന്നില്ല. ഇന്നു് സാധുക്കളുടെ കൈയിലിരിക്കുന്ന വസ്തുക്കൾ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു കാരണവും ക്കൂടാതെ അവരുടെ കൈവശത്തിൽനിന്നും ഒഴിപ്പിച്ചുവരുന്നു. അങ്ങിനെ ഒഴിപ്പിക്കാൻ പാടില്ലാ എന്നു മാത്രമാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഇതിൽ നാം ഭയപ്പെടേണ്ട ഒരു കാര്യം ആവശ്യവും ഇല്ല. ഈ ആറുമാസത്തേക്ക് ഇന്നിരിക്കുന്ന ഭരണക്രമംതന്നെ തുടർന്നുകൊണ്ടു പോകുമെന്നും അപ്പോൾ ഈ പാട്ടക്കാരും കുടിയാന്മാരും ഭൂമി ഉടമസ്ഥന്മാരും തമ്മിലുള്ള റിലേഷൻഷിപ്പ് പരിരക്ഷിച്ചുകൊണ്ടു പോകണമെന്നു മാത്രമണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അല്ലാതെ ഏതെങ്കിലും ഒരു കൂട്ടരെ സഹായിക്കുകയോ ദ്രോഹിക്കുകയോ അല്ലാ ഈ ബില്ലുകൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. അതു് ഇന്നത്തെ നിലയിൽതന്നെ എന്റെ സ്നേഹിതന്റെ ഈ അമെൻഡുമെന്റു സ്വീകരിച്ചാൽ പൊതുവേ ഈ ബില്ലുകൊണ്ടു് അതുദ്ദേശിച്ച മാതിരിയുള്ള ഫലങ്ങളും ധനവാന്മാക്കായാലും സാധുക്കൾക്കായാലും ഉണ്ടാകാൻ പോകുന്നില്ല. ഈ അമൻഡുമെന്റു സ്വീകരിച്ചാൽ ദോഷമാണ് ഉണ്ടാകാൻ പോകുന്നതു. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

MR. T. A. MOIDEEN KUNJU : സർ, ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ ഭേദഗതിയെ അനുകൂലിച്ചും പ്രതികൂലിച്ചും പ്രസംഗിച്ച ചില മെമ്പറന്മാർ സാധുക്കളുടെ പേർ ആവശ്യമായോ അനാവശ്യമായോ ഉപയോഗിച്ചു കണ്ടു. എന്നാൽ എനിക്കു ഒരു കാര്യം പ്രത്യേകമായി പ്രസ്താവിക്കേണ്ടതുണ്ടു്. ഒരു നിയമം ഒരു രാജ്യത്തു നടപ്പിൽ വരുത്താൻ ഭാവിക്കുന്ന അവസരത്തിൽ അതു് ഭൂരിപക്ഷം ആളുകളെ എങ്ങിനെ ബാധിക്കും എന്നാണു് പ്രധാനമായി നോക്കുവാനുള്ളതു്. അതു വച്ചുകൊണ്ടു നോക്കിയാൽ ഈ രാജ്യത്തെ ഭൂരിപക്ഷക്കാരായ സാധുക്കൾക്കു് ഈ ബില്ലു് ഒരനുഗ്രഹമായിരിക്കുമോ അതോ ഒരു ദ്രോഹമായിരിക്കുമോ എന്നാണു നാം ശ്രദ്ധിക്കേണ്ടതു്. ഇവിടെ വക്കീലന്മാരായ എന്റെ ചില മാന്യസ്നേഹിതന്മാർ യുക്തിവാദങ്ങൾ ചെയ്യുന്നതു് ഞാൻ കേട്ടു. ഒരാൾ ചോദിച്ചു ഇതു് ആറു മാസത്തേയ്ക്കല്ലേ ഉള്ളു, പിന്നെ ഇതിൽ ഇത്ര വെമ്പൽ കൊള്ളേണ്ട ആവശ്യം എന്താണു് എന്നു്. അയിരം ഏക്കറും രണ്ടായിരം ഏക്കറും കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്കു് വാസ്തവത്തിൽ ഈ ഭേദഗതി കൊണ്ടുവരികയാണെങ്കിൽ തീർച്ചയായും ദോഷം ഉണ്ടാകുന്നതാണു്. ഈ ബിൽ കൊണ്ടു് ഏതാനും ചിലർക്കു് ഗുണം ഉണ്ടാകുമെന്നല്ലാതെ ഈ ബില്ലിന്റെ അടിസ്ഥാനംതന്നെ ദുർബ്ബലമാണു്. ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന അഞ്ചേക്കർതന്നെ വളരെ പര:

LIBRARY ARCHIVES Kerala Legislative Assembly

മിതമാണ്. ഈ രാജ്യത്ത് ഒരു സെൻറ് ഭൂമിയില്ലാത്തവരാണ് വളരെ ഏറെ ഉള്ളത്. അങ്ങിനെയുള്ളവരേയും വളരെ കുറവായി വസ്തുക്കൾ ഉള്ള വസ്തു ഉടമസ്ഥന്മാരേയും സഹായിക്കുന്നതിനായിട്ടാണ ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന അഞ്ചേക്കർ എന്നുള്ളത് രണ്ടേക്കർ അല്ലെങ്കിൽ ഏതെങ്കിലും കരം തീരുവയുള്ളവരെ ഇത് ബാധിക്കാതിരിക്കണം എന്നാണ് എനിക്ക പറയുവാനുള്ളത്. ഈ ബിൽ നിയമമാക്കാൻ പോകുന്നതിൽ എന്തെങ്കിലും സദുദ്ദേശം ഉണ്ടെന്നുവരികിൽ ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്ക് പയുവാനുള്ളത്.

MR. P. T. CHACKO: അപ്പോൾ കരം തീരുവയുള്ള യാതൊരു രുത്തരേയും ഈ നിയമം ബാധിക്കരുതെന്നാണോ പറയുന്നത്.

MR. T. A. MOIDEEN KUNJU: അതിനു മറുപടി പറയേണ്ട ആവശ്യം ഇല്ല. ഏതായാലും ഒരു നിയമം ഇവിടെ കൊണ്ടുവരാൻ പോകുന്ന ഈ അവസരത്തിൽ ഈ രാജ്യത്തെ ഭൂരിപക്ഷം ആളുകളെ അത് എങ്ങിനെ ബാധിക്കും എന്നുള്ളതുകൂടി നോക്കേണ്ടതാണ്. അങ്ങിനെയാണെങ്കിൽ എനിക്ക് പറയാനുള്ളത് ഈ ഭേദഗതി തീർച്ചയായും സ്വീകരിക്കേണ്ടാതാണെന്നാണ്. അല്ലാതെ സെലക്ട് കമ്മിറ്റി കൊണ്ടുവന്നതായ ബില്ലിനെ യാതൊരു ഭേദഗതികളും സ്വീകരിക്കാതെ അപ്പാടെ അത് നിയമമാക്കുന്നത് ശരിയല്ല. കൂടാതെ ഇത് ആറുമാസത്തേക്കല്ലേ ഉള്ളു പിന്നെ ഇതിനെന്തിനാണ് ഇത്ര പരിഭ്രാന്തി കാണിക്കുന്നത് എന്നും ചോദിക്കുന്നതായി കേട്ടു. ആറു മാസമായാലും അല്ലാ സ്ഥിരമാക്കാൻതന്നെ തീരുമാനിച്ചാലും ഇത് ഒരു നിയമം ആക്കാൻപോകുകയല്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. അതുകൊണ്ട് എന്തായാലും ജനങ്ങളുടെ നന്മയ്ക്കായി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ല് തീർച്ചയായും ജനകീയഭരണത്തിൻെറ തത്വമനുസരിച്ച് സാധുക്കളായ ഭൂരിപക്ഷത്തിൻെറ ഗുണത്തിനു് ഉപയുക്തമായ തരത്തിൽ ആയിരിക്കേണ്ടതാകുന്നു. ഈ ബില്ല് കൊണ്ടുവന്ന നിയമം ആക്കാൻ പോകുന്ന എന്നു സവ് ആളുകളും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ ഈ ബില്ല കൊണ്ടുവന്നിരിക്കുന്നതിൻെറ സദുദ്ദേശം ജനങ്ങൾക്കു ബോദ്ധ്യമാവണമെങ്കിൽ തീർച്ചയായും ഈ ഭേദഗതി സ്വീകരിക്കുകതന്നെ വേണം. ഇന്നത്തെ സക്കാർ ഇതുപോലെതന്നെ പല ബില്ലുകളും നിയമസഭയിൽ ഹാജരാക്കി നിയമമാക്കാൻ പോകുന്നതായി ജനങ്ങൾ മനസ്സിലാക്കിയിരിക്കയാണ്. അങ്ങിനെയിരിക്കുമ്പോൾ സാധാരണക്കാരായ ജനങ്ങൾക്കു യാതൊരു സൗജന്യങ്ങളും ഉണ്ടാകാതെയും വൻകിട ഭൂമിയുടമസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. A. Moideen Kunju]

ന്മാക്ക് സഹായം ലഭിക്കുന്നതുമായ ഒരു ബില്ലാണ് വരാൻപോകുന്നതെങ്കിൽ ഈ ബില്ലിന്റെ ഉദ്ദേശ്യത്തെ സാധൂകരിക്കാൻ സാധിക്കയില്ല. സാധാരണവൻകിട ജന്മിമാർക്ക് ഒറിയും പണയവും കൊടുക്കേണ്ട ആവശ്യം വരികയില്ല. അവരെല്ലാം വസ്തുക്കൾ തിരിച്ചു പിടിച്ചിരിക്കുകയാണ്. ഏതായാലും വളരെ പ്രാധന്യമേറിയ പല ബില്ലുകളും നാം പാസ്സാക്കാൻ പോകുന്ന ഈ നിയമസഭയിൽ ഈ വക പ്രാധാന്യമേറിയ പല സംഗതികളും ശ്രദ്ധിക്കേണ്ടതായുണ്ട്. ഒരാൾ തന്റെ ഓമനമകളെ വിവാഹം ചെയ്തുകൊടുക്കുന്നതിന് പണമില്ലാതെ തന്റെ കൈവശമുള്ള ഭൂമി ഒരു പണക്കാരന് ഒറി എഴുതുന്നു. എന്നാൽ അവൻ പണം ഉണ്ടായി തിരിച്ചുകൊടുത്തു ഭൂമിയെ വാങ്ങണമെന്നു വിചാരിക്കുന്നപക്ഷം അതു് അയാൾക്ക് തിരിച്ചു കിട്ടാൻ നിവൃത്തിയില്ലാതെ വന്നാൽ വളരെ കഷ്ടവും സങ്കടകരവുമാണ്. ഈ വക കാര്യങ്ങൾ ഇന്നത്തെ ഗവണ്മെൻറു മനസ്സിലാക്കേണ്ടതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ഗവണ്മെൻറ് മനസ്സിലാക്കി പ്രവത്തിക്കുന്നതിനാണ് ഞാൻ ഈ സഭയിൽ ഹാജരാക്കിയിരിക്കുന്നതു്. ഈ നാട്ടിലെ ഭൂരിപക്ഷം വരുന്ന സാധുക്കളായ ജനങ്ങളുടെ ഭാഗധേയം ഇന്നത്തെ ജനകീയഭരണത്തെ ആശ്രയിച്ചിരിക്കുന്നു എന്നു് ഉള്ള തത്വം മനസ്സിലാക്കിവേണം ഈ മന്ത്രിസഭ ഈ മാതിരി ബില്ലുകൾ കൈകൊള്ളും ചെയ്യേണ്ടതെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

MR. ABDUAL RAZAAK: Sir, I move that the question may now be put.

MR. K. P. NILAKANTA PILLAI: No, Sir. That is an irregular motion. No member except the member in charge of the Bill is entitled to bring a closure motion.

HON'BLE MR. A. J. JOHN: I move that the question may now be put.

The motion was put and carried.

HON'BLE MR. A. J. JOHN: സർ, ഞാൻ മി. കെ. വേലായുധൻ നായരുടെ ഭേദഗതിയെ എതിക്കുന്നു. ഈ ബില്ലിന്റെ പീഠികയിൽ പറഞ്ഞിരിക്കുന്നതു്, സ്ഥാവരവസ്തുക്കൾ കൈശവത്തു കിട്ടുന്നതിനെ സംബന്ധിച്ചു സിവിൽകോടതിയിലുള്ള നടപടി നിറുത്തിവയ്ക്കണമെന്നു മാത്രമേയുള്ളൂ. അതായതു്, ഫോർഡിംഗ്സ് സമ്പാദിച്ചിട്ടുള്ളതായ ഡിക്രികളുടെ വിധിനടത്തു ആറുമാസക്കാലത്തേക്ക് മാത്രം നിറുത്തിവയ്ക്കണമെന്നാണ് ഈ ബില്ലുകൊണ്ടു നാം ഉദ്ദേശിക്കുന്നതു്. ഈ ഭേദഗതി നാം സ്വീകരിക്കയാണെങ്കിൽ ഭൂമിഉടമസ്ഥാവകാശത്തെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളവും ജനങ്ങളുടെയിടയിൽ ഉണ്ടായിട്ടുള്ള തെറ്റിദ്ധാരണ നീങ്ങുന്നതിന് കാരണമായിത്തീരുമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ മി. കെ. വേലായുധൻനായർ പ്രസ്താവിക്കുന്നത്. എന്നാൽ മി. വേലായുധൻനായരുടെ ഭേദഗതി തിരുവിതാംകൂറിൽ ഭൂമിയെ സംബന്ധിച്ചിടത്തോളം അഞ്ചേക്കറിൽക്കൂടുതൽ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കാൻ പാടില്ല എന്നുള്ള ഒരു നിയമത്തിന്റെ ആവിർഭാവത്തെ സൂചിപ്പിക്കുന്നതാണ്. മാത്രവുമല്ല ഈ ഭേദഗതി മിക്കവാറും സ്വത്തുകാരെയാണ് സഹായിക്കുന്നതും.

MR. K. K. CHELLAPPAN PILLAI : തിരുവിതാംകൂറിൽ 5 ഏക്കറിൽ കൂടുതൽ ഉള്ളവർ രണ്ടായിരത്തിൽചില്വാനം ഉണ്ടെന്ന് മെംബർ ഓർമ്മിക്കുന്നുണ്ടോ ?

HON'BLE MR. A. J. JOHN : സെൻസസിൽ നോക്കി അതനുസരിച്ചു പറഞ്ഞു എന്നേയുള്ളൂ. സർ, മി. പി. റ്റി. ചാക്കോ പറഞ്ഞതിൽ അല്പം കാര്യം ഇല്ലെന്നില്ല. അതായത് ഭൂമി ഒഴിപ്പിച്ചെടുക്കണമെന്നു വിചാരിച്ച് തന്റെ കൈവശമിരിക്കുന്ന വസ്തു പേരു മാറുകയോ തീറു കൊടുക്കുകയോ ചെയ്തിട്ട്, തന്റെ കൈവശം വസ്തു ഇല്ലെന്നും പറഞ്ഞു പാട്ടത്തിനു കൊടുത്തിരിക്കുന്ന വസ്തുവിനെ ഒഴിപ്പിക്കുന്നതിനായിട്ട് കോടതിയിൽ അന്യായം ബോധിപ്പിക്കയും അതനുസരിച്ചു വിധി സമ്പാദിച്ച് പാട്ടക്കാരനിൽനിന്നും വസ്തു ഒഴിപ്പിക്കപ്പെടുകയും അതിൽനിന്നും മുമ്പു പേരുമാറികൊടുത്ത വസ്തുവിനെ തിരിച്ചു എഴുതിവാങ്ങിക്കയും ചെയ്യുന്നു. അതുമാതിരി ഫ്രാഡ് ആയിട്ട് ചിലപ്പോൾ കേസു ഉൽഭവിച്ചേക്കാം. പക്ഷെ, നമുക്ക് ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച് ജന്മാവകാശം ഡിക്രിപ്രകാരം ആറുമാസത്തിനകം ഒഴിപ്പിച്ചെടുക്കാൻ പാടില്ലെന്നുമാത്രമേ നിർബന്ധമുള്ളൂ. അതിൽ സാധുക്കളെ സംബന്ധിച്ചിടത്തോളം ഇണപ്രദമാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put to vote and lost.

MR. KALATHIL VELAYUDHAN NAIR: I demand a poll.

A poll was taken when the House divided as follows:

AYES—12.

1.	Messrs	T. A. Moideen Kunju	8.	Messrs.	Mannathu Padmanabha Pillai
2.	,,	N. Daniel Jose	9.	,,	K. Ramakrishnan Asari
3.	,,	A. K. Patchu Pillai	10.	,,	Ponnara G. Sreedhar
4.	,,	M. Pappu	11.	,,	K. K. Chellappan Pillai and
5.	,,	A. Easwara Pillai	12.	,,	Kalathil K. Velayudhan Nair
6.	,,	Pandavathu Sankara Pillai			
7.	,,	Kannara Gopala Panikkar			

LIBRARY ARCHIVES Kerala Legislative Assembly

NOES—54.

1.	Hon'ble Mr.	N. Kunjuraman	27	Messrs	K. Ramakrishna Pillai
2.	„	A. J. John	28.	„	Eapen Arakkal
3.	„	T. K. Narayana Pillai	29.	„	T. V. Devan
4.	„	K. R. Elankath	30.	Mrs.	Devaki Gopidas
5.	„	Dr. E. K. Madhavan	31.	Messrs.	Joseph Malieckal
6.	„	Mr. V. O. Markos	32.	„	Paulose
7.	Messrs.	K. A. Gangadhara Menon	33.	„	Paul Thaliat
8.	Miss.	Accamma Cherian	34.	„	T. T. Kesava Sastri
9.	Messrs.	G, Chandrasekhara Pillai	35.	„	G. P. Nilakanta Pillai
10.	„	T. M. Varghese	36.	„	Narayanan (Chittonpullen)
11.	„	A. Nesamony	37.	„	U. K. Vasudevan Asari
12.	„	Chellaswami Nadar	38.	„	Thariathu Kunjithommen
13.	„	A. Chidambaranatha Nadar	39.	„	K. M. Chandy
14.	„	S. Ambrose	40.	„	P. T. Chacko
15.	„	Elias (Mary Antony)	41.	„	Cherian J. Kappan
16.	„	Gabriel Nadar	42.	„	C. Kesavan
17.	„	A. Abdul Razak	43.	„	N. S. Kochukunju
18.	„	T. Kochukrishna Pillai	44.	„	N. V. Chacko
19.	„	Sadasivan	45.	„	V. Madhavan
20.	„	D Ponniah	46	„	Mankuzhi Madhavan
21.	„	Sree V. Das	47.	„	K. A Mathew
22.	„	P. Gopalan	48.	„	P. Kunjukrishnan
23.	„	P. K. Raman	49.	„	P. M. Varghese
24.	„	M. Govindan	50.	„	N. P. Varghese
25.	„	A. V. Joseph	51.	„	T. A. Abdulla
26.	„	K. Ramachandran	52.	„	Abdul Aziz
			53.	„	Krishnan Ayyappan
			54.	„	V. K. Varghese

NEUTRALS—10.

1.	Messrs.	G. Ramachandran	6	Messrs.	Kumaran Asari
2.	„	Adichan	7.	„	P. C. George
3.	„	P. Chacko	8.	„	Raman Pillai
4.	„	P. K. Krishnan Sastri	9.	„	P. Nanoo and
5.	„	Raphael Rodriguez	10.	„	A. Atchuthan

The amendment was lost.

The question that clause 3 do stand part of the Bill was put and carried. Clause 3 was added to the Bill.

CLAUSE 4.

MR. P. S. NATARAJA PILLAI: I move my amendment: "Substitute the following for clause 4, before the proviso:—

MR. PRESIDENT: Those who are in favour of continuing discussion till 5·30 P. M. to-day may indicate their assent.

LIBRARY ARCHIVES Kerala Legislative Assembly

MR. p. S. NATARAJA PILLAI : Tomorrow it can be put up till 6·30 P. M. or so that we may come prepared for that.

MR. PRESIDENT നിശ്ചിതദിവസത്തിനുള്ളിൽ സഭാനടപടികൾ അവസാനിപ്പിക്കണമെങ്കിൽ ഇന്ന് ഒരു മണിവരെ തുടരേണ്ടിയിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നതു്. അതിനായി നിങ്ങളുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

[The majority of the members favoured the proposal.]

MR. PRESIDENT: The House will, accordingly sit till 5 30 P. M. to-day.

MR. P. S. NATARAJA PILLAI: My amendment is to substitute the following for clause 4. " Notwithstanding anything contained in any law, decree or order of court to the contrary, all proceedings in execution involving eviction or dispossession from immovable property shall be stayed for a period of six months from the date of commencement of this Act." Sir, we had a Bill which was to stay proceedings in civil courts for eviction of verumpattom holders from their holdings until other provisions are made in regard to verumpattom holdings. Now we are debating a Bill staying the proceedings in execution of certain decrees in Civil courts relating to the delivery of possession of immovable property. "Holding" has been defined to include property held on pattam, otti, panayam in this Bill as now revised by the Select Committee. The object of my amendment is to substitute that all proceedings in execution involving eviction or dispossession from immovable property shall be stayed for a period of six months. Why should a man who has mortgaged his property and when his title on the property has not been by any means lost, be deemed to have lost his right to redeem for six months,

He has mortgaged his properties; he has secured sufficient money for taking back the properties from the mortgagee and he has got a decree of Civil Court to evict the mortgagee from the property so that he may enjoy that property. Why should he be prohibited? If all decrees on land are going to be stayed, why not the decree of a money-lender who has given money, who has obtained a decree and who has sold the property also, be stayed? What is the superior claim of the money - lender to evict the debtor land-holder than the owner who has deposited the money and claims back his property from the mortgagee. It is really an unnatural circumstance. There must be scope for the operations of natural justice and common sense even in laws enacted by popular legislatures. Here equity seems to have been disregarded by the framers of this Bill. The owner of a property who mortgaged the property and who has now repaid the mortgage money, even if he has got the decree of a civil court to evict the other man and get the decree of a civil court to evict the other man and get the property back,

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai.]

theae proceedings are to be stayed by the operation of this law. On the other hand, a banker who has advanced money and has taken 25 or 30 per cent interest in addition to a commission and has got a decree of a court for all these amounts; he is granted the right to execute to evict and to get possession of the property. I don't know wnether Government have come to the conclusion that dispossession of property from anybody is a danger to the State and the social conditions of our country do not permit that; then that rule must apply to every class of people, irrespective of their position or wealth. In this connection I may crave the indulgence of the House to quote some figures. As far as transactions of immovable property are concerned, out of the total number of documents registered in our country nearly 36 per cent are mortgage deeds. I shall read a statement showing the percentage of transactions effected by mortgage of immovable properties.

1118	...	38·23 per cent.
1119	...	32·44 ,,
1120	...	32·82 ,,
1121	...	36·28 ,,
1122	...	36·00 ,,

We have got the figures only up to 1122. There you see, Sir, that yearly one third of the transactions that took place in the country are mortgages, and apart from that, it may be found from the Administration Report that something like 50 thousand acres of land were transferred every year from agriculturists to non-agriculturists by way of mortgages

1118	...	61 thousand and odd acres.
1119	...	61 Do.
1120	...	44 Do.
1122	...	32 Do.

Land owned by agriculturists went into the hands of non-agriculturists.

Sir, the Madras Government appointed an Economic Survey Commission to enquire into rural indebtedness, in 1946. They went into the question of rural indebtedness and came to the conclusion that from 1939 to 1946 the indebtedness has decreased owing to the high price of agricultural commodities and the land indebtedness was relieved by mortgagors redeeming their property. On account of the higher value of property, people who had mortgaged their land sold the land at high prices and redeemed the moiety which remained. The finding in that report is that though most of the long term debts are incurred by mortgage of immovable property, the rise in prices and the increased demand for land are sufficient incentives to the redemption of landed property and the improved finances of the ryot have placed him in a position to repay the loans even before time. That is what happened in Madras and recorded in the Madras Report. In the same way, here

LIBRARY ARCHIVES Kerala Legislative Assembly

in Travancore during the last four or five years, there must have been the same process going on. Hence this cry of eviction in the country-there must have been a large number of evictions on mortgage deeds. But whose cry is it? It is, not the cry of the landless poor. It is money lending land grabber who has secured possession of land at low rates, who cries hoarse for protection from this Government, against the poor land-owning agriculturist. That is the tragedy we see here. In spite of my reasonabe exertion to find out any figures or data to judge the number and kind of eviction suits I was not able to get them. Since it is said there is a wide-spread cry about eviction, I feel, Sir, it is because of the high prices of the agricultural commodities, and owing to the increase of land value. A large class of people who have mortgaged the land and made money in this boom period are trying to get back the possession of their land by instituting suits to evict the holders and to redeem the mortgages. There must be a large percentage of mortgage redemption of suits pending before the courts. The Capitalist does not want to surrender it, and has managed to get this bill framed. Who are this people who hold the land on mortgage? They are the bankers, money lenders. As is said in the report published by the Travancore Registration Department non-agriculturists are in possession of large areas; and the cultivating ryot is now able to make some money on account of the accidental rise in the value of agricultural produce and the value of land and he has now instituted proceedings to get the redemption of his own property which stands on mortgage. What claim is there for these people to resist eviction. Our Government has thought it fit to put a block in the way of the cultivating ryot. Sir, who needs protection in the circumstances? Is it the man who is rich enough to buy property on morgage or is it the poor cultivating tenant who requires protection of law in the State to get back his own land? So the principle accepted in the Bill seems to be to ignore all rights of equity and fairness. We are out to help a class of people who are money-lenders. Sir, if he is not a money-lender or if he is not a capitalist, in the ordinary course of things, he will not be in a position to take a mortgage. If we come to the conclusion that he is a capitalist and a moneyed man who takes a mortgage and if the owner of the land sues for the redemption of the mortgage, if you are going to obstruct it, it is iniquity pure and simple, as far as I see it. Therefore, the move of the promoters of the present bill seems to be to help the money lending class, the capitalist who is in a position to get hold of the landed properties. If that be so, my amendment that all the decrees should be suspended will perhaps help the land-owning people. By necessity and circumstances, a man might have incurred a simple money debt and is not able to pay back, and there is a decree. Who wants to oust him? The capitalist money-lender or Banker. Why should he be allowed to oust the owner of the property simply because he is a debtor? We

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

are shedding tears and we are all sympathy for the poor man who is evicted. Why not that sympathy be extended to the owner himself Is he not a citizen? Is he not a human being? Is he not entitled to sympathy and kindness? We are saying we are so solicitous of the interests of the people who are in possession of land and who are liable to be affected by a decree for eviction. If that be so, why not think of the unfortunate man who has got himself into the clutches of a money-lender and who has on the money decree sold the property? After all it is said, this is only for six months. They say the land law is going to be recast after that. Till then why not the owner be in possession? If a mortgagee is entitled to be in possession of the property, why not then the same privilege be given to the owner himself as against the money-lender? In fairness and justice, I don't think there is anything that can be said against to disprove my contention. As I quoted, Sir, the inclusion of the mortgage has complicated the issue to a very great extent, not perhaps to the extent realised by the promoters of the bill. You have included mortgages and we are now putting a statutory prohibition to the eviction decree being executed against the man in possession. On the other hand, you throw wide open all the process of law to oust the real owner from the property by executing a money decree against him. That is an injustice. I therefore earnestly plead that all decrees which seek to dispossess immovable property shall be stayed for a period of six months from the date of pronouncement of this Act. With these words, I place this amendment for the consideration of the House.

K. P. NILAKANTA PILLAI: I second the amendment.

MR. K. P. NILAKANTA PILLAI: സർ, ഈ ഭേദഗതിയെ സ്വീകരിക്കാതെ എതിർക്കുകയാണെങ്കിൽ തന്നെ അറിയാം എത്ര പരസ്പര വിരുദ്ധമായ സംഗതികളാണ് ഈ ബില്ലിനകത്തു ചെലുത്തിയിരിക്കുന്നതെന്നു. പണയമായിട്ടോ, ഒറിയായിട്ടോ, പാട്ടമായിട്ടോ, ഏതെങ്കിലും വസ്തു കൈവശമുണ്ടെങ്കിൽ അത് ആ കൈവശക്കാരനിൽ നിന്ന് ഒഴിപ്പിക്കാൻ പാടില്ലെന്നാണ് ഈ ബില്ലുകൊണ്ടു വ്യവസ്ഥപ്പെടുത്തുന്നത്. സാധാരണ ഒരാൾ ഒരുവസ്തു ഒറിവാങ്ങുമ്പോൾ അയാളുടെ വിചാരം ആ വസ്തു കൈവശം ഇരിക്കുന്നിടത്തോളം കാലം അയാളുടെ പണം സുരക്ഷിതമായിരിക്കും (secured) എന്നാണ്. ഇതുകൊണ്ടാണ് ഒരാൾ തന്റെ രൂപാ ബാങ്കിൽ നിക്ഷേപിക്കാതേയും, മറ്റൊരാളിന് കടം കൊടുക്കാതെയും, പണം സുരക്ഷിതമായിരിക്കുമല്ലോ എന്നുള്ള വിശ്വാസത്തോടുകൂടി ഒരു സ്ഥാവര വസ്തുവിൽ സ്ഥാപിച്ചു ഇട്ടേക്കാമെന്നു വിചാരിക്കുന്നതു്. അങ്ങനെ ഒറിയായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തു വേറെ ആരും

LIBRARY ARCHIVES Kerala Legislative Assembly

ഒഴിപ്പിക്കുകയില്ലെന്നുള്ള വിശ്വാസമാണ് അയാൾക്കുള്ളത്. കുറെ കടം ഉണ്ടായിരുന്നാലും ആദ്യകടം ഒറിക്കടമായിരിക്കുമെന്ന് നിലവിലിരിക്കുന്ന ചട്ടങ്ങളനുസരിച്ചും നാട്ടിലെ നടപ്പനുസരിച്ചും തിരുവിതാംകൂറിലെ സകല ജനങ്ങൾക്കും ഒരു വിശ്വാസമുണ്ട്. അതു പോലെതന്നെ ഒരു വസ്തു കൈവശത്തോടുകൂടി ഇന്നാൾ വാങ്ങിച്ചാലും വസ്തു മുഴുവൻ ഭോഗവും തന്റെ കൈവശമാണല്ലോ ഇരിക്കുന്നതു്, അതു വന്നിരുന്നാലും വസ്തു തന്റെ കൈവശത്തിൽ നിന്നും വിട്ടുപോകുകയില്ലെന്നുള്ള ഒരു വിശ്വാസവും അങ്ങനെയുള്ള ഒരു നാട്ടനടപ്പുമാണ് ഇന്ന് തിരുവിതാംകൂറിലുള്ളതു്. എന്നാൽ അതിനെല്ലാം വിരുദ്ധമായിട്ടാണ് ഈ ബില്ലിൽ ചേർത്തിട്ടുള്ള വ്യവസ്ഥകളിരിക്കുന്നതു്. ഇപ്പോൾ എന്റെ സ്നേഹിതൻ മിസ്റ്റർ നടരാജപിള്ള അവതരിപ്പിച്ച ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു് സ്ഥാവരവസ്തുക്കൾ കൈവശമുള്ളവർ സാധുക്കളായിരുന്നാലും ശരി ഒരു കോടതിയുടെ ഡിക്രി പ്രകാരം അതു് ഒഴിച്ചെടുക്കാൻ സാധിക്കരുതെന്നാണ് അതിൽ തക്കത്തിന് എന്തു കാരണമാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. സ്ഥാവരവസ്തു കൈവശം വച്ചു് താമസിക്കുന്നവരെ ആ വസ്തുവിൽ നിന്നും യാതൊരു ധനവാനും ഇറക്കിവിടാൻ സാധിക്കരുതെന്നുള്ള സദുദ്ദേശമാണ് ഈ ഭേദഗതിക്കുള്ളതു്. അതു് കൊണ്ടുവരുന്നതിനും പ്രത്യേക കാരണമുണ്ട്. ഒറിവാങ്ങിച്ച വസ്തുകൈവശം വച്ചുകൊണ്ടിരുന്നാൽ ഒഴിപ്പിച്ചെടുക്കാൻ ഈ ബില്ലനുസരിച്ചു് ജന്മിക്കു് അവകാശമില്ല. എന്നാൽ വേറെ ആരെങ്കിലും ജന്മിയുടെ കൈയ്യിൽ നിന്നും ഒരു പ്രോ. നോട്ടു് എഴുതി വാങ്ങിച്ചു് അതിന്മേൽ ഒരു ഡിക്രി സമ്പാദിച്ചുകൊണ്ടു് വന്നാൽ അയാൾക്കു് വസ്തു ഒഴിപ്പിച്ചെടുക്കാം. ഞാൻ ഇതു പറയുന്നു എന്നല്ലാതെ അതിൽ അടങ്ങിയിരിക്കുന്ന അന്യായത്തെപ്പറ്റി ആരെക്കിലും ബോദ്ധ്യമായിട്ടുണ്ടോ എന്നെനിക്കു് നിശ്ചയമില്ല. ഒറിക്കൊടുത്ത വസ്തു ഒഴിപ്പിക്കാൻ ജന്മിക്കവകാശമില്ല. നേരെ മറിച്ചു് ജന്മിയുടെ കൈയ്യിൽ നിന്നു് ഒരു പ്രോ. നോട്ടു് (കള്ള പ്രോ. നോട്ടായാലും മതി) എഴുതി വാങ്ങിച്ചു് ഡിക്രി സമ്പാദിക്കുന്ന ആളിനു് വസ്തു ഒഴിപ്പിച്ചെടുക്കാമെന്നുള്ള ഒരു നിലയാണു് വന്നിരിക്കുന്നതു്. ഒരു കാര്യം നിങ്ങളെല്ലാം പ്രത്യേകം ചിന്തിക്കണം. മുമ്പു് ഇവിടെ ഇതിനെപ്പറ്റി വാദപ്രതിവാദം നടന്നപ്പോൾ എന്റെ സ്നേഹിതൻ മി. മാളിയേക്കൽ കൊണ്ടുവന്ന വാദം പ്രോ. നോട്ടനുസരിച്ചു് ഡിക്രി സമ്പാദിച്ചിട്ടുള്ള ആളുകൾക്കു് വസ്തു ഒഴിപ്പിച്ചു എടുക്കുന്നതിനുള്ള അവകാശമില്ലെങ്കിൽ എല്ലാ വ്യാപാരങ്ങളും നിലച്ചുപോകുമെന്നാണു്. എന്തുകൊണ്ടാണു് അങ്ങിനെ പറയുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഒരു സാധു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

"പ്രോനോട്ടെഴുതിത്തരാം ആയിരംരൂപാ കൊടുക്കണം"മെന്ന് പറഞ്ഞാൽ ആരും രൂപാ കൊടുക്കുകയില്ല. പ്രോ. നോട്ടിൻപടി രൂപാ കൊടുക്കുന്നതു് എപ്പോഴും ധനവാനേ ആയിരിക്കുകയുള്ളൂ. പിന്നെ കള്ളമായി പ്രോ. നോട്ടുകൾ ഉണ്ടാക്കി ജീവിക്കുന്ന ചില ആളുകളും ഉണ്ടു്. അങ്ങനെയുള്ളവർക്കല്ലാതെ ഈ വ്യവസ്ഥകൊണ്ടു മറ്റാർക്കും ഉപകാരം ഉണ്ടാകാൻ പോകുന്നില്ല. സാധാരണ സാധുക്കൾക്കു് പ്രോ. നോട്ടിൻപടി ആരും പണം കൊടുക്കുകയില്ല. അവർക്കു് പണം വേണമെങ്കിൽ ഒന്നുകിൽ വല്ല വസ്തുവും ഈടോ കറിയോ കൊടുക്കണം. സ്ഥാവരവസ്തുക്കളുടെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ചിടത്തോളം വളരെ സംശയകരമായ ഒരു നിലയിൽ എത്തിയിരിക്കുന്നതുകൊണ്ടു് വ്യാപാരങ്ങൾ ഇനി എത്ര കണ്ടു് മുമ്പോട്ടുപോകുമെന്നു് കണ്ടു തന്നെ അറിയണം. പാട്ടമില്ല, കറിയില്ല, പണയമില്ല, വസ്തുവിൽ സ്ഥാപിച്ചു് യാതൊരു ഇടപാടുമില്ല. പിന്നെ കുറെ പ്രോനോട്ടുകൊണ്ടുള്ള വ്യാപാരംമാത്രമുണ്ടു്. അങ്ങനെ ഒരു നിലവരാതിരിക്കുന്നതിനാണു് ഈ ഭേഗതി കൊണ്ടുവന്നിരിക്കുന്നതു്. അതായതു് ആറുമാസത്തേക്കു് ഡിക്രിപ്രകാരം ആയാലും സ്ഥാവരവസ്തു കൈവശക്കാരനിൽ നിന്നു് ഒഴിപ്പിച്ചെടുക്കാൻ പാടില്ലെന്ന വരണമെന്നുദ്ദേശിച്ചാണു് ഈ ഭേഗതി അവതരിപ്പിച്ചിരിക്കുന്നതു്. ഈ ഭേഗതി എന്തുകൊണ്ടു് സ്വീകരിക്കാൻ പാടില്ലെന്നു് ഞാൻ ചോദിക്കുന്നു. എനിക്കു പറയാനുള്ളതു പറഞ്ഞു.

MR. KRISHNAN AYYAPPAN : അങ്ങനെയാണെങ്കിൽ പാട്ടവും മിച്ചവാരവും മറ്റും കോടതി മുഖാന്തിരം ഈടാക്കി എടുക്കാൻ സാധിക്കാതെ വരുകയില്ലെ?

MR. K. P. NILAKANTA PILLAI : ഈ ബില്ലു് പാസാക്കിയിട്ടു് പിന്നെയും ഡിക്രിയും വാങ്ങിച്ചുകൊണ്ടു് പാട്ടത്തിനും മിച്ചവാരത്തിനും വസ്തു ഒഴിപ്പിക്കാൻ പോകയാണോ?

MR. P. T. CHACKO : What about the partition suit in which the junior members ought to get the property?

MR. K. P. NILAKANTA PILLAI : That is all what I have to say. I wanted to support the amendment. It is more than 4.30 p. m. I cannot remain any longer in the House.

(Mr. K. P. Nilakanta Pillai left the hall)

MR. KRISHNAN AYYAPPAN : സർ, കോർട്ടു ഡിക്രി പ്രകാരം വസ്തു ഒഴിപ്പിക്കുന്നതിനെ തടയുന്നതിനു മാത്രമാണു് ബിൽ കൊണ്ടുവന്നിരിക്കുന്നതു്. എന്റെ സ്നേഹിതന്റെ ഭേഗതി സ്വീകരിച്ചാൽ കോടതി വിധിപ്രകാരം പാട്ടവും മിച്ചവാരവും പോലും ഈടാക്കുന്നതിനു് നിവൃത്തിയി

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്ന വരും. സകല വിധി നടത്തുനടപടികളും നിറുത്തിവക്കേണ്ടി വരും. തിരുവിതാംകൂറിലെ പല ജന്മിമാരും അവരുടെ വസ്തുക്കൾ മുഴുവൻ പാട്ടത്തിനും കാണത്തിനും കൊടുത്തിട്ടുള്ള വരാണ്. അതിന്റെ പാട്ടവും മിച്ചവാരവും കൊണ്ടാണ് അവരുടെ ഉപജീവനം കഴിക്കുന്നതു്. ചേത്തലതാലൂക്കിലാണെങ്കിൽ താമസിക്കുന്നതിനുള്ള സ്ഥലമൊഴിച്ചു ബാക്കി ഒരിഞ്ചു ഭൂമിപോലും കൈവശമില്ലാതെ വസ്തുവെല്ലാം കാണത്തിനും പാട്ടത്തിനും കൊടുത്തിട്ടുള്ളവരുണ്ട്. അവരുടെ ഉപജീവനത്തിന് അതിൽ നിന്ന് കിട്ടുന്ന പാട്ടവും മിച്ചവാരവും മാത്രമാണുള്ളതു്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിച്ചാൽ അവക്ക് ജീവിക്കാൻ വിഷമമായിത്തീരും. അങ്ങനെ വന്നാൽ പല വിധത്തിലുള്ള അസ്വസ്ഥതയും ഉണ്ടാകുന്നതിന കാരണമാകും. ഫറ കൊല്ലത്തിൽ കൂടുതൽ കാലം പാട്ടവും മിച്ചവാരവും കിട്ടാതെ പല കേസുകളും വിധിനടത്തിലിരിക്കുന്നുണ്ട്. അവയെല്ലാം നിറുത്തിവച്ചാൽ ആവശ്യമില്ലാതെ ഒരു ജനവിഭാഗത്തിന്റെ അതൃപ്തിയെ അഭിമുഖീകരിക്കേണ്ടതായി വരും. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. JOSEPH MALIECKAL : Sir, I oppose this amendment. I could not believe that Mr. Nataraja Pillai would ever move an amendment like this. In clause 2 we have already accepted the definition of "holding." The essence of it is possession and it is transferred by one person in favour of another. In Clause 4, it is stated that notwithstanding any law to the contrary, proceedings in execution of a decree in a suit for the recovery of possession of a holding, shall, so for as they relate to the delivery of possession of a holding be stayed for a period of six months from the date..... My friend Mr. Nataraja Pillai has no objection to the retention of the word 'holding' and therefore he accepts the position that this deals with a holding and at the end he wants an additional clause to say that not only the dispossession of holding but the dispossession of property in any event must be stopped. If that amendment is accepted the bill becomes a ridiculous piece of legislation. I do not assert that he intended to shape it like that or to get this House accept a ridiculous piece of Legislation. Still the result will be that. I have sufficient admiration for him to believe that he knew that it would be the result. Therefore I oppose this amendment.

MR. MANNAR GOPALAN NAIR : സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. എന്റെ സ്നേഹിതൻ മി. മാളിയേക്കൽ പറയുന്നു ഈ ഭേദഗതി സ്വീകരിച്ചാൽ ഇതു് ഒരു ridiculous piece of legislation ആയിപ്പോകുമെന്നു. ഈ ഭേദഗതി സ്വീകരിച്ചില്ലെങ്കിൽതന്നെയും ഇതൊരു ridiculous piece of legislation തന്നെയായി നിലനിൽക്കുമെന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannar Gopalan Nair]

ഞാൻ പറയുന്നതു്. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിച്ചാലും ഇല്ലെങ്കിലും അതിനു യാതൊരു മാറ്റവും വരുന്നില്ലെന്നാണു് എനിക്കു് പറയാനുള്ളതു്. വേട്ടാവെളിയൻപുഴവിനെ സൂക്ഷിച്ചുവച്ചു് സ്വന്ത രൂപത്തിലാക്കുന്നതുപോലെയാണു് ഈ ബില്ലിന്റെയും പോക്കു്. ആദ്യം വെറും പാട്ടക്കാരനെമാത്രം ഉൾപ്പെടുത്തി ഒരു പുഴവിന്റെ രൂപത്തിലായിരുന്ന ബില്ലു് സ്ഥാവരവസ്തുക്കൾ എല്ലാം ഉൾപ്പെടുത്തി ഒരു വേട്ടാവെളിയന്റെ രൂപത്തിലാണു് ഇപ്പോൾ വന്നിരിക്കുന്നതു്. അങ്ങനെ ഇരിക്കുമ്പോൾ എല്ലാ സ്ഥാവരവസ്തുക്കളേയും അതിൽ ഉൾപ്പെടുത്തണമെന്നു് പറയുന്നതിൽ എന്തു കുഴപ്പമാണുള്ളതെന്നു് ഞാൻ ചോദിക്കുന്നു. ആർക്കുവേണ്ടിയാണു് ഈ ബില്ലു്? പാവപ്പെട്ട വർക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്നതാണെന്നാണു് പറയുന്നതു്. അങ്ങനെയാണെങ്കിൽ പ്രോമിസറിനോട്ടിൻപ്രകാരമായാലും പണയാധാരപ്രകാരമായാലും വിധി സമ്പാദിച്ചു് വസ്തു കൈവശംവച്ചു താമസിക്കുന്നവരെ കുടിയിറക്കുന്നതിനുള്ള സംരംഭം ഉണ്ടാകാൻ ഇടകൊടുത്തുകൂടാ. അങ്ങനെയുള്ള വിധിനടത്തുന്നടപടികളും അറുമാസത്തേക്കു് നിറുത്തിവച്ചതുകൊണ്ടു് എന്തു ദോഷമാണു് വരാൻ പോകുന്നതു്? അതുകൊണ്ടു് ആകാശം ഇടിഞ്ഞുവീഴാൻ പോകുന്നില്ല. ഭൂലോകം നശിക്കാൻപോകുന്നില്ല. കുറച്ചുപേർക്കുകൂടി ആശ്വാസം നൽകാമെന്നമാത്രമേ മി. നടരാജപിള്ള ഈ ഭേദഗതികൊണ്ടുദ്ദേശിച്ചിട്ടുള്ളു. അതുകൊണ്ടു് യാതൊരു കുഴപ്പവും വരാനില്ല. പിന്നെ നേരത്തെ പറഞ്ഞപോലെ ഇതൊരു ridiculous piece of legislation ആയി പോകുമെന്നാണെങ്കിൽ അതു് ഈ ഭേദഗതി സ്വീകരിച്ചില്ലെങ്കിലും അങ്ങനെയാണെന്നതന്നെയാണു എന്റെ അഭിപ്രായം. അതുകൊണ്ടു് ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

HON'BLE MR. A. J. JOHN: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. നാലാമത്തെ ക്ലാസിൽ പറഞ്ഞിരിക്കുന്നതു വസ്തു കൈവശം കിട്ടുന്നതിനുവേണ്ടിയുള്ള വിധിനടത്തുന്നടപടികൾ നിറുത്തിവയ്ക്കണമെന്നാണു്. രണ്ടാമത്തെ ക്ലാസിൽ holdings എന്നുള്ളതിന്റെ നിർവ്വചനം കൊടുത്തിട്ടുണ്ടു്. ഇതിന്റെ ഉദ്ദേശം ഭൂമി ഉടമയെ സംബന്ധിച്ചു് ചില വ്യവസ്ഥകളുണ്ടാക്കണമെന്നുമാത്രമാണു്. അതല്ലാതെ തിരുവിതാംകൂറിലുള്ള സകല പണമിടപാടുകളേയും നിയന്ത്രിക്കണമെന്നു് ഈ ബില്ലുകൊണ്ടുദ്ദേശിച്ചിട്ടില്ല. ഭൂമിഉടമയെ ഒരു വ്യവസ്ഥ ചെയ്യണമോ വേണ്ടയോ, ഭൂമി ഉടമസ്ഥന്മാരും പാട്ടക്കാരുംതമ്മിൽ ഉണ്ടായിരിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ബന്ധത്തെപ്പറ്റി എന്തെങ്കിലും വ്യവസ്ഥ ചെയ്യണമോ വേണ്ടയോ എന്നുള്ളതു മാത്രമാണ് ഇവിടെ ആലോചിക്കാനുള്ളതു്. പണമിട പാടുകളെ സംബന്ധിച്ചു് സമ്പാദിച്ചിട്ടുള്ള ഡിക്രികളെക്കുടി ഉൾപ്പെ ടുത്തത്തക്കവണ്ണം ഭേദഗതി ചെയ്യണമെന്നു പറയുന്നതു് സ്വീകാര്യമല്ല. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

MR. A. K. PATCHU PILLAI: Sir, I move—

In clause 4, add the following as the first proviso :—

"Provided that the benefit of this section shall not be claimed by a person who owns or possesses other immovable properties more than two acres in extent, either in his own name or in the name of any other person, wherefrom he derives the benefit of such properties."

MR. JOSEPH MALIECKAL: On a point of order. In the light of the fact that Mr. Velayudhan Nair's and Mr. Nataraja Pillai's amendments have been rejected, the question is whether an identical amendment can now be moved separately.

MR. A. K. PATCHU PILLAI: Those two amendments stand on a different footing and there is no resemblance between my amendment and them at all. On the merits one can see that my amendment stands on a different footing. One is benefit of the section shall not be claimed by a person who possesses more than two acres of land and the other restricts itself to the benefit being derived not only by one class but by the other as well, that is to say those who have 5 acres and more. No such idea is included in my amendment. Further at the very outset I said I will have the liberty of moving my amendment at the time I supported the other amendments. So the point of order is quite irrelevant and may be ruled out as lacking in substance.

MR. PRESIDENT: The member will be brief in his remarks.

MR. A. K. PATCHU PILLAI: Thank you, Sir. To proceed to the merits of my amendment.

താത്പര്യമായി എനിക്കു് പറയാനുള്ളതെല്ലാം അംബേക്കർ സംബന്ധിച്ചുള്ള ഭേദഗതി വന്നപ്പോൾ പറഞ്ഞുകഴിഞ്ഞു. വിശേഷ മായി ഒരു സംഗതിക്കുടി എനിക്കു് പൂരിപ്പിക്കാനിക്കാൻ ഉണ്ടു്. ബഹു മാനപ്പെട്ട ലാ മിനിസ്റ്റർ അവർകളും മി. പി. റ്റി. ചാക്കോയും ഒരു സംശയം പുറപ്പെടുവിക്കുകയുണ്ടായി. അതായതു് അവരവരുടെ പേരി ലുള്ള വസ്തുക്കൾ അന്യരുടെ പേരിൽ മാറ്റി കൊടുത്താൽ അവർക്കു് ഈ നിയമത്തിൽനിന്നു് ഊരുണ്ടാകുമെന്നു. എന്റെ ഭേദഗതികൊണ്ടു് അങ്ങിനെയുള്ള ഊരൊന്നും ഉണ്ടാവുകയില്ലെന്നു്, വളരെ പ്രത്യേക മായി കാണാൻ സാധിക്കും. കാരണം എന്റെ ഭേദഗതിയിൽ ഒടുവി ലത്തെ ഭാഗത്തു് അതു് വിശദമായി പറയുന്നുണ്ടു്. "either in his own name or in the name of any other person, where from he derives the benefit of such properties." എന്നാണു് പറഞ്ഞിരിക്കുന്നതു്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഒരാളിന്റെ സ്വന്തംപേരിലോ അഥവാ അയാളുടെ ബന്ധുക്കളുടേയോ അയാൾക്കു വിശ്വാസമുള്ള മറ്റു ആളുകളുടേയോപേരിലോ ആയാൽത്തന്നെയും ആ വസ്തുക്കളിൽനിന്നും ഗുണം അയാൾക്കു സിദ്ധിക്കുന്നു എന്നു കാണുന്നു എങ്കിൽ അയാൾക്കു ഈ ഭേദഗതികൊണ്ടു കൈമാറ്റത്തിന്റെ ആനുകൂല്യം കിട്ടുകയില്ല. അങ്ങനെ അവർ പുറപ്പെടുവിച്ച ആക്ഷേപം, ഇതിൽ വരുന്നില്ലാ എന്നുള്ളതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്ന് എനിക്കു അപേക്ഷയുണ്ട്. എന്റെ ഭേദഗതിയുടെ ഉദ്ദേശം ഈ നിയമംമൂലം ധനവാന്മാരായ ആളുകൾക്കു ഗുണം ഉണ്ടാകരുതെന്നാണു്. അതുകൊണ്ടു സാധുക്കളുടെ പേരിൽ അനുകമ്പയുണ്ടെങ്കിൽ ഈ തത്വം സ്വീകരിച്ച് ആദ്യംമുതൽ അവരുടെ ഗുണത്തെ മുൻനിറുത്തിയായിരിക്കണം ഈ നിയമം ഉണ്ടാക്കേണ്ടതു്. തത്വത്തെ ആദ്യംമുതൽ അവസാനംവരെ മുറുകെ പിടിച്ചുകൊണ്ട് ഈ രാജ്യത്തെ രണ്ടേക്കറും കുറവുമുള്ള ഭൂമിയുടമസ്ഥന്മാരുടെ ഗുണത്തെ കരുതി ഈ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

MR. K. K. CHELLAPPAN PILLAI: ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു. കുറച്ചു മുൻപു് മി. വേലായുധൻനായർ ഇതുപോലെ ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഇതിനെപ്പറ്റി വളരെ വിശദമായി പ്രതിപാദിച്ചതുകൊണ്ട് ക്ലുപ്തമായൊന്നും ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല. അതിശം ദോഷകരമായി ഈ ഭേദഗതിയിൽ ഒന്നുമില്ലെന്നു മാത്രമല്ല പാവപ്പെട്ടവനു വളരെ ഗുണം ചെയ്യുന്ന ഒരു ഭേദഗതിയുമാണിതു്. മുൻപു് ഇവിടത്തെ വസ്തുകൈവശക്കാരെ സംബന്ധിച്ച ഒരു ചോദ്യത്തിനു് നൽകിയ ഉത്തരത്തിൽനിന്നു കാണുന്നതു് ആറേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ തൊള്ളായിരത്തിൽചില്വാനവും ൫ ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർ എണ്ണൂറിചില്വാനവും ൨ ഏക്കറിൽ കൂടുതലുള്ളവർ രണ്ടായിരത്തിൽ ചില്വാനവും ഉണ്ടെന്നു കാണുന്നു. ഭൂമി ഉടമസ്ഥന്മാർ വളരെ കൂടുതലുണ്ടെങ്കിലും ഏകദേശം ൬൫ ശതമാനം ആളുകളും പാവപ്പെട്ടവരും ഭൂമികൊണ്ടുപജീവിക്കുന്നവരും ആണെന്നു കാണാം. അങ്ങനെയുള്ളവർക്ക് എന്തെങ്കിലും തരത്തിൽ ഗുണം ചെയ്യുന്ന ഈ ബില്ലു് ഈ തരത്തിലിരുന്നാൽമാത്രം ഉപയോഗപ്പെടുകയില്ലെന്നു് അഭിപ്രായപ്പെടുകയും അതുകൊണ്ടു് ഈ ഭേദഗതി ബഹുമാനപ്പെട്ട നിയമമന്ത്രി സ്വീകരിക്കണമെന്നു് അപേക്ഷിക്കയും ചെയ്യുന്നു.

MR. MANNATHU PADMANABHA PILLAI: ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഈ ഭേദഗതി സ്വീകരിച്ചു് പാസ്സാക്കുമെന്നുള്ള വിചാരത്തോടുകൂടിയല്ലാ ഞാൻ ഇതിനെ അനുകൂലിക്കുന്നതു്. എങ്കിലും ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ല് കൊണ്ടുവന്നിരിക്കുന്നവരുടേയും അതിനെ അനുകൂലിക്കുന്നവരുടേയും ഏകപക്ഷീയമായ നിർബന്ധബുദ്ധിയിലുള്ള പ്രതിഷേധം ഒന്നുകൂടി പ്രകടമാക്കാനാണ് ഞാൻ അങ്ങനെ ചെയ്യുന്നത്. ഇവിടത്തെ നടപടികൾ കണ്ടപ്പോൾ എനിക്ക് മഹാഭാരതത്തിലെ ഒരു കഥയാണ് ഓർമ്മ വരുന്നത്. ധർമ്മപുത്രർക്ക് ന്യായമായി അവകാശമുള്ള രാജ്യത്തെ ദുര്യോധനൻ അക്രമമായി കൈയടക്കിയപ്പോൾ ശ്രീകൃഷ്ണൻ ഇടപെട്ട് ഒരു ഒത്തുതീർപ്പിലെത്തിക്കാൻ ശ്രമിച്ചു. അവകാശമുള്ള മുഴുവൻ രാജ്യവുംകൊടുക്കയില്ലെങ്കിൽ പകുതി രാജ്യമെങ്കിലും കൊടുത്താൽ ഒതുങ്ങാമെന്നു പറഞ്ഞു. അതു കൊടുക്കുകയില്ലെന്നു പറഞ്ഞപ്പോൾ അഞ്ചുഗ്രാമം കൊടുക്കണമെന്നു പറഞ്ഞു. അതും കൊടുക്കുകയില്ലെന്നു പറഞ്ഞപ്പോൾ അഞ്ചുപേക്കുംകൂടി അഞ്ചുവീടെങ്കിലും കൊടുക്കണമെന്നു പറഞ്ഞു. അതും നിഷേധിച്ചപ്പോൾ അഞ്ചുപേക്കുംകൂടി ഒരു വീടെങ്കിലും കൊടുത്താലും സഹിക്കാമെന്നു പറഞ്ഞു. എന്നാൽ അതും നിഷേധിച്ച് സൂചികുത്താനുള്ള സ്ഥലംപോലും കൊടുക്കുകയില്ലെന്ന് ദുര്യോധനൻ ശഠിച്ചു. അതിനെ തുടർന്ന് എന്തുണ്ടായി എന്നും അതിന്റെ അവസാനഫലം എന്തായിരുന്നുവെന്നും നാം കേട്ടിട്ടുണ്ട്. അതുപോലെ ഈ ബില്ല് സാമാന്യജനങ്ങൾക്ക് അല്ലെങ്കിൽ പാവപ്പെട്ടവർക്ക് പ്രയോജനകരമല്ലാത്ത ഒന്നായതുകൊണ്ട് ഇതു പിൻവലിക്കണമെന്ന് ആദ്യമേ തന്നെ പറഞ്ഞു. അതു വകവയ്ക്കാതെ എങ്ങനെയെങ്കിലും പാസ്സാക്കിയേ അടങ്ങൂ എന്നു പറഞ്ഞതുകൊണ്ട് എന്നാൽ എല്ലാ ഡിക്രികളേയും ബാധിക്കത്തക്കവണ്ണം ആറു മാസത്തേക്ക് സകല വിധ നടത്തു നടപടികളും നിറുത്തിവക്കണമെന്നു പറഞ്ഞു. എന്നാൽ ഇവിടെ ചില പ്രമാണികളുടെ ആവശ്യത്തിലേക്കായി ഏതാനും ഡിക്രികളെ ഒഴിച്ചുവിട്ടുകൊണ്ടാണ് ബിൽ ഭേദഗതി ചെയ്തു കൊണ്ടുവന്നിരിക്കുന്നത്. എന്നാൽ പാവപ്പെട്ടവർക്കുവേണ്ടി അഞ്ചേക്കറിൽ കൂടുതൽ വസ്തു ഉള്ളവരെ ഈ ബില്ലിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. അതിനും തയ്യാറില്ലെന്ന് കണ്ടപ്പോൾ ഇപ്പോൾ രണ്ടേക്കറിൽ കൂടുതൽ ഭൂമി ഉള്ളവരെ ഇതിൽനിന്ന് ഒഴിവാക്കണമെന്ന ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ഇതും സ്വീകരിച്ചില്ലെങ്കിൽ ഒരേക്കറും അൻപതു സെന്റും ഉള്ളവരെ ഒഴിവാക്കണമെന്ന് ഒരു ഭേദഗതി ഇല്ലല്ലോ എന്നോർത്തു വ്യസനിക്കയല്ലാതെ എന്തുചെയ്യും? ഈ ബില്ല് എഴുതിയ ആളുകൾ തന്നെ ന്യായമല്ലാത്ത വിധത്തിൽ വസ്തു കൈവശം വയ്ക്കാൻ തക്ക ഒരു വിചാരഗതിയിൽ കൂടെ പൊയ്ക്കൊണ്ടിരിക്കുന്നതുകൊണ്ടാണ് ഇതിൽ ഇത്ര നിർബന്ധബുദ്ധിയും താൽപര്യവും കാണിക്കുന്നത് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

സംശയിക്കേണ്ടിയിരിക്കുന്നു. ഈ ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വച്ച് കൊണ്ടിരിക്കുന്ന ആളുകളെ ഒഴിവാക്കണമെന്നുള്ള മി. വേലായുധൻനായരുടെ ഭേദഗതിക്കു് പറഞ്ഞ ആക്ഷേപം അതിലെ വാചകം തന്നെ തെറ്റാണെന്നാണു്. ഈ ഭേദഗതിക്കു് ആ ആക്ഷേപം ഇല്ലെന്നാണു് ഞാൻ അറിയുന്നതു്. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

HON'BLE MR. A. J. JOHN : ഞാൻ ഈ ഭേദഗതിയേയും എതിർക്കുന്നു. ഉന്നാംനമ്പർ ഭേദഗതിയെപ്പറ്റി പറഞ്ഞ അതേ കാരണങ്ങൾകൊണ്ടു തന്നെയാണു് ഈ ഭേദഗതിയേയും എതിർക്കുന്നതു്. അഞ്ചേക്കർ എന്നതു് രണ്ടേക്കറായി ക്ലിപ്തപ്പെടുത്തുന്നതിലല്ല കാര്യം. ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഞാൻ മുമ്പു പറഞ്ഞതുപോലെ ജനങ്ങളുടെയിടയിൽ മറ്റൊരു തെറ്റിദ്ധാരണ ഉണ്ടാകുവാൻ ഇടയുണ്ടു്. രണ്ടേക്കറിൽ കവിഞ്ഞ കൈവശാവകാശത്തെ തടയുക എന്ന ഒരു ഭ്രമയം ഗവണ്മെൻറു് സ്വീകരിച്ചിരിക്കുന്നുവെന്നു് പൊതുജനങ്ങളുടെ ഇടയിൽ ഒരു വിശ്വാസം ജനിക്കുവാൻ ഇടയുണ്ടു്. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

MR. P. S. NATARAJA PILLAI: Sir, I move that in Clause 4, the following may be added as proviso 2, and the existing proviso numbered as No. 1.

"Provided that the provisions of this Act shall not apply if the decree holder seeks recovery or possession of a holding and proves to the satisfaction of court that it is for direct cultivation or occupation, as the case may be."

Sir, I have tabled this amendment on another ground. This is purely on economic grounds. We speak so much on grow more food campaigns. If the decree holder wants to recover possession of his property for cultivation, the laws of the State should not stand as a bar to his intention. Now, as the leader of the House said, nobody is sure about the future of the land law and as such the present holder will be averse to make improvements on land. If the owner holds the land he would make necessary improvements, do cultivation and produce more which is essential for the State at this juncture. Nobody could say for certain whether the land policy is going to be in the direction of co-operative or collective cultivation or the compulsory consolidation as economic holdings. What we are going to do is not known to the general public, or to the Government Benches. We have decided to suspend the operations of the existing Civil law. This will not be an incentive to the holder and tiller of the land for work. He will not exert his

LIBRARY ARCHIVES Kerala Legislative Assembly

best to produce more from the land because he does not know who will enjoy the fruits thereof and after all, human beings are human beings. Every human being is prone to do only things which will pay him in return. Now if a man is going to improve his land he does not know whether he will have it or will have to part with it tomorrow. The Hon'ble member in charge of the Bill has declared that the ultimate object is to remodel the land laws of the State. But I am very sorry, Sir, to see that the Select Committee which revised the Bill state in the revised preamble thus: "Whereas it is deemed expedient to stay proceedings in execution of certain decrees in Civil Courts relating to the delivery of possession of immovable property, it is hereby enacted as follows:—" But the preamble in the original Bill contained the proviso that the Civil Court proceedings would be stayed "until other provisions are made in regard to Verumpattom holdings in the State." In the revised Bill there is no affirmation like that. Sir, the House should bear in mind the fact that it will be absolutely outside the purview of the Civil Court to take notice of the debates that take place here today, and I think my friend, the Hon'ble gentleman who adorns the Treasury Bench knows more about courts and legal implications than I. As far as the preamble is concerned, it is simply a bald statement that execution proceedings are stayed. But my friend the Hon'ble Law Member reiterated every time he spoke that Government are thinking of changing the land laws of the State. That means it is a kind of policy declaration of the Treasury Bench. They contemplate a change in the land law of the State. But that declaration will not be taken note of by the Judiciary of the State. But it will create a stir among the public. They will get the impression that the present laws are in the crucible and that it may take any shape in the future. But we are face to face with food scarcity here. The greatest need of the country is that the country should produce more food and become self-sufficient, and if the productivity of the and is to be increased an interest must be created in the owner of the land or the person who possesses the land to exert more to propuce more.

MR. C. NARAYANA PILLAI: ഉടമസ്ഥനുള്ള ഉത്കണ്ഠയെ താല്പര്യം, കൃഷി ചെയ്യുന്നവനും ഉണ്ടാകേണ്ടേ? അതായത് പാട്ടക്കാരനെക്കൊണ്ട് കൃഷി ചെയ്യിച്ച് ആദായം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ഉടമസ്ഥനുണ്ടാകുന്നതു പോലെയുള്ള താല്പര്യം കൃഷി ചെയ്യുന്ന പാട്ടക്കാരനും ഉണ്ടാകണമല്ലോ?

MR. P. S. NATARAJA PILLAI: As the Bill is framed at present, it will give rise to the impression that the land laws are going to be changed. But this will create no inclination on the part of the land holder or the cultivator to produce more. He does not know what the change will be, whether it will be a collective cultivation scheme or a compulsory consolidation as economic holding. Now, he will not have an incentive for cultivation. What I envisage by my amendment is this—I am not a good legal draftsman, yet I have

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai.]

done my best—if the owner of a land who wants to regain his land and proves to the satisfaction of the court that he wants the land back for improving and cultiyating it, then, the provisions of this Bill shall not prevent him from obtaining his land back. The question that the litigant owner may circumvent the law, is not a matter for this legislature to take note and discuss. Here we have to take into account ordinary human beings with ordinary human instincts. We also must presume that our courts of justice will be just and incorruptible. Therefore, I say that when one has proved to the satisfaction of the court that it is for direct cultivation that the owner wants his land back, why should he not be allowed it? How is the claim of a lease holder superior to that of the owner? I must thank Mr. Kunjithommen who has handed me a copy of the Cochin Verumpattom Bill. There I find a provision to this effect. No suit for eviction of land shall lie except on the following grounds —If the land is for the cultivation by the owner or by the other members of his family. If the land or building is for the occupation by the owner or by the members of his family. The amendment tabled by me is exactly on these lines. I am glad that in the sister State of Cochin in legislation on the lines of the Bill under discussion, provisions on the lines of my amendment have been adopted. Therefore when we are having a parallel legislation we should not make unnecessary innovations and changes not warranted by necessity or prudence, and unknown to the ordinary canons of legislation.

MR. T. A. ABDULLA: *Bona-fide* എന്നതു മെമ്പറിന്റെ അഭിപ്രായത്തിൽ എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?

MR. P. S. NATARAJA PILLAI: Therefore, I have put that he must prove to the satisfaction of the court. I am fortified in my view by authoritative opinions which I am prepared to quote to the House. Let us take the case of a man who owns 20 paras of paddy land. If it was before 1939 according to prevailing rates the land was worth Rs. 100 per para. He might have mortgaged 20 paras of paddy land for Rs. 2000. Sir, after 1942 the price of paddy land has risen to Rs. 200—300 per para. By selling away 10 paras of the land he can reclaim the remaining 10 paras and do cultivation himself.

MR. T. A. ABDULLA: രണ്ടായിരം ഏക്കർ ഉള്ള ഒരാൾ അഞ്ചേക്കർ സമയം കയ്യിൽ വച്ചുകൊണ്ട്, ഫർൺ ഉ-ഏക്കർ പാട്ടത്തിനു കൊടുത്താൽ ഈ ബില്ലിൽ അയാളെ എങ്ങനെ ബാധിക്കും?

MR. P. S. NATARAJA PILLAI: The Economic Enquiry Commission appointed by the Government of India toured all over the Madras Presidency and from their findings it is seen that holdings between 5 to 25 acres is 24·6 per cent and below 5 acres it is 39·09 per cent. There single holdings of thousands of acres are very few. Here the pressure of population is so great that average holdings are smaller in extent.

LIBRARY ARCHIVES Kerala Legislative Assembly

Then Sir, a Presidency vide enquiry was conducted inclusive of the Malabar coast in 1947. The report says :

"When an opportunity presents itself for freeing himself from the yoke of debt, no debtor will willingly miss it. Such an opportunity occurred with the rise in the price of land. It is true that no peasant is prepared to sell all his land to pay off his debt. But when he can sell a moiety or a small parcel of his land to cancel his debt and retain the rest for his use without the encumbrance of debt his native shrewdness counsels him to do so. From 1942 even up to the present time the price of land all over the province has reached unprecedented heights " and further on the Report says:

" The bulk of the sales of land exceeding 84 per cent of the total has been effected and equally shared by the small land holders "

What is true of sale is true for mortgages and what is true in Madras is true for Travancore as well. Thus it will be evident now to this house there was a large scale attempt to reduce mortgages by the small land holders during the last 2 or 3 years. The unprecedented rise in the price of land gave them a chance to free themselves from debt and to regain their land. But at this juncture we are considering a Bill which seeks to prohibit them from having their land back.

As a matter of fact on account of the situation created by the increase of war money and high prices of agricultural products, it was a period to liquidate debt on land. As a matter of fact, a large section of people have liquidated the debt on land and that is evident by the figure that per acre debt reduced during the war from Rs. 66,63 to 58·8. Long term debt like mortgages has been reduced during the last few years.

Debt on land has decreased. That is the finding of a well conducted economic survey. It is clear that the debt charged on land has, to a large extent, been liquidated by the proprietors of land. But land is in possession of somebody. Then what is the remedy but a suit and a decree to evict. My Hon'ble friends who are more familiar with the Courts of justice know if you want to evict a mortgage you have to deposit the money. Without that you are not going to get possession of the land. So whatever amount of money is due, the owner deposits with the idea and hope to get back the property from the mortgagee. But you come with a bill and stay the eviction proceedings. I demand by my amendment that even if you are going to make an extraordinary provision in law let it be for the benefit of the cultivator. I am a mortgagee ; I have paid back the money ; I have no other land and no other house to live in ; should I not be allowed to get back my property ? Is it not justice ?

Is it not fair ? For whom are we legislating here ?

LIBRARY ARCHIVES Kerala Legislative Assembly

M:. ABDUL AZIZ: സ്വന്തം സ്ഥലം ഇല്ലാത്തവൻ എന്നോ, കിടക്കുന്നതിന് വേറെ സ്ഥലം ഇല്ലാത്തവൻ എന്നോ ഈ ഭേദഗതിയിൽ ഉണ്ടോ?

MR. P. S. NATARAJA PILLAI: That is implied. I proceed on the basis that propreitory right on land is not affected by the legislation at present. That is my view. After all, in India the land creates a bundle of legal relations. That is the unanimous opinion. Here, Sir, please don't change it all of a sudden. Let us know it; let us study it; let us think about it; let us debate on it. If we are hasty it will mean that the lands are going to be redistributed and this will creat a scare in the country and when you create a scare in the country, we do not know where it will end. I say this House has to be fair and just to the farmers. Is he a sinner because he owned a land and for necessity he mortgaged the land. When he managed to get the money and he has paid the whole amouut due to the mortgagee, then what is the sacredness about the man who enjoys the land under the owner not to surrender? I do not know In spite of my earnest attempt to follow the debtate that was going on here, I never heard anybody advancing any reason against the right of the owner. I can understand the people becoming houseless That position is not envisaged in this Bill. That is a Bill which is separate from this. We need not connect it with this. Living facilities for the houseless and landless have to be provided and I can understand that. But that is not in the Bill here. But here it is the suspension of the ordinary operation of civil law that is provided. For whose protection? Should it not be in fairness and justice impartial to all parties concerned? Let us be fair to the owners of the land and be fair to the man in possession of the land too. Therefore I say, if it is for leasing the land out again at a higher rate of lease or if it is going to be for any other purpose, let the man who enjoys the property continue to enjoy. If it is for cultivating and if it is for the purpose of occupation by the owner himself and if that owner proves to the satisfaction of the Civil Court that his purpose is that, let him get back his land. Why not allow this? In fairness and justice, I hope you are bound to adopt this provision. With all the emphasis I can command, and with all humility, I request this House to accept this amendment.

HON'BLE MR. A. J. JOHN: I oppose the amendment for this reason.

ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഈ ബില്ലുമുള്ള സകല വ്യവസ്ഥകളും അസ്ഥിരപ്പെട്ടതായി വിചാരിക്കേണ്ടിവരും. ഇതിൽ പറഞ്ഞിരിക്കുന്നത് പാട്ടമായോ, ഒറിയായോ, പണയമായോ സ്ഥലം കൊടുത്തിരിക്കുന്ന എല്ലാ ആളുകൾക്കും കൃഷി ചെയ്യുന്നതിനായോ,

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ താമസിക്കുന്നതിനായോ ആ സ്ഥലങ്ങൾ തിരിയെ എടുക്കാമെന്നാണ്. അങ്ങനെ വരുമ്പോൾ ഇങ്ങനെ കൊടുക്കപ്പെട്ട എല്ലാ സ്ഥലങ്ങളും തിരിയെ എടുക്കാമെന്നു വരും. അതു ഈ ബില്ലിന്റെ ഉദ്ദേശത്തിനു നേരേ വിപരീതമായിട്ടാണിരിക്കുന്നത്.

ഇപ്രകാരം കൃഷി ചെയ്യുവാൻ ആഗ്രഹിക്കുന്ന ആളുകൾക്കു സ്ഥലം തിരിയെ കൊടുക്കുന്നപക്ഷം ഭക്ഷണക്ഷാമം പരിഹരിക്കാമെന്നു പറയുന്നതു കേട്ടു. പക്ഷേ അതു സംബന്ധിച്ചു എനിക്കു പറയാനുള്ളതു വസ്തു ഇപ്പോൾ കൈവശമിരിക്കുന്നവരുടെ പക്കൽതന്നെ ഇരുന്നാൽ കൂടുതൽ ഭക്ഷണക്ഷാമം പരിഹരിക്കാൻ കഴിയുമെന്നാണ്. എന്തെന്നാൽ ഇപ്പോൾ യഥാർത്ഥകൃഷിക്കാരുടെ കൈവശമാണു വസ്തുക്കൾ ഇരിക്കുന്നതു്. കൃഷി ചെയ്യുവാൻ അസൗകര്യമോ വൈമുഖ്യമോ ഉള്ള ആളുകളായിരിക്കും അവരുടെ സ്ഥലങ്ങൾ അന്യാധീനം ചെയ്തിരിക്കുന്നതു. അതുകൊണ്ടു് ആ വാദത്തിനും വലിയ അടിസ്ഥാനമൊന്നുമില്ല. മാത്രമല്ല, ഇപ്പോൾ തിരുവിതാംകൂറിൽ നിലവിലുള്ള വ്യവസ്ഥയനുസരിച്ചു് ആരെങ്കിലും കൃഷിചെയ്യേണ്ട ഭൂമി കൃഷി ചെയ്യാതിരിക്കുകയാണെങ്കിൽ ഗവണ്മെൻറിൽനിന്നും അത്തരംഭൂമി ഏറെറടുത്തു വേറെ ഏതെങ്കിലും വിധത്തിൽ കൃഷി നടത്തിക്കുന്നതിനു സാധിക്കും. അതുകൊണ്ടു മി. നടരാജപിള്ളയുടെ ഭേദഗതിയെ ഞാൻ സർവ്വശക്തികളോടുംകൂടി എതിർക്കുന്നു.

The amendment was put to vote and lost.

MR. PRESIDENT: Is Mr. Nataraja Pillai moving the other amendment?

MR. P. S. NATARAJA PILLAI: Yes, Sir, I move that the following may be added as proviso 3 in clause 4:

> Provided that nothing in this Act shall apply for decrees for recovery of possession of a holding from persons who are in actual or constructive possession of more than five or more acres of land wet or dry other than the holding.

MR. PRESIDENT: That is almost the same amendment.

MR. P. S. NATARAJA PILLAI: If it is ruled out I have no objection. But as far as I see my amendment is in order and I may be permitted to move it.

MR. PRESIDENT: I do not like to rule it out.

MR. P. S. NATARAJA PILLAI: Then I must be allowed to move it.

MR. PRESIDENT: You may move it.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: My amendment is that the following may be added as proviso 3 to clause 4:

"Provided that nothing in this Act shall apply for decrees for recovery of possession of a holding from persons who are in actual or constructive possession of more than five or more acres of land wet or dry other than the holding.

The purpose of my amendment is only this, Sir. It has been declared that this is a Bill which is to help the poor. If there is any sincerity or honesty behind that, my amendment must be accepted. Sir, we speak so much; we hear from every side that it is to help the landless, the houseless, the poor. But if it is true.....

MR. PRESIDENT: These things have already been referred to by others.

MR. P. S. NATARAJA PILLAI: Having allowed me to move my amendment, if the Chair thinks that I should not go on I can very well appreciate.....

MR. PRESIDENT: What I said was that you should not repeat the arguments which the other members have already referred to.

MR. P. S. NATARAJA PILLAI: My only request is, if I say anything which is irrelevant to my amendment I may be ruled out. Or, I know that is 5 25 p. m. and if there is any special significance in that, I may be denied my right of speech. I take my stand on the privilege and right that I am entitled to speak on all matters arising from my amendment. Sir, that is my position. This Bill is said to have been envisaged on the basis that we are here to look to the claims of the landless. In the original Objects and Reasons it was stated.

MR. PRESIDENT: I would like to invite the attention of the Honourable Member to rule 24 of the Travancore Legislative Assembly Rules.

"The President after having called the attention of the Assembly to the conduct of a member who persists in irrelevance or in tedious repetition either of his own arguments or the arguments used by other members in debate, may direct him to discontinue his speech."

I am only bringing this to your notice. I am not going to disallow your speech.

MR. P. S. NATARAJA PILLAI: The Chair has the power to call me to order. I don't question that. But what I was saying was that in the Objects and Reasons first published it was stated that it was considered necessary to investigate the relationship between landlords and verumpattom holders and to bring into force a comprehensive measure to settle the relationship between them. That is, the relationship of the verumpattom holders who are in possession of land was sought to be enquired into and was songht to be brought into a comprehensive legislation to settle the right.

LIBRARY ARCHIVES Kerala Legislative Assembly

But as I have pointed out earlier we are only legislating to stay the eviction proceedings, and that has run counter to all the arguments so far adduced. There are a number of houseless people who must be protected by law. I think, Sir, the poor class of people can be only people who do not hold even five acres. If there is a landholder who has more than five acres of land and if that is in addition to the 'holding' the excess land with him ought to be recovered from him. That is the distinction to which I wish to draw the attention of the House. In the previous amendment that was discussed, the words "other than the holding" is not there. I exclude the holding. Excluding the holding, if there is five acres, these provisions should not apply. That is the distinction which I wish to make in my amendment. Therefore my own position was and is that if we are true to our profession and if we are really going to help the tenant we must put a limit and that limit is five acres. According to a recent economic finding Sir, you cannot allow more than five acres of land for a tenant. You may ask what is the sacred thing about the digit 5. I say there is an unanimity of opinion.

MR. PRESIDENT: Order ,order. I would like to know one thing from Honourable Members. That is whether the Honourable Members would like to sit till 6·30 p. m. with an interval of half an hour between 4 and 4.30 tomorrow. I think the House will agree.

MR. A. NESAMONY: What if we begin at 10 a. m. that is, an hour earlier tomorrow instead of sitting late?

MR. PRESIDENT: നാളെ കാലത്തു് ഒൻപതുമണിക്കു് യോഗം തുടങ്ങി ഇച്ചു് അഞ്ചരമണിക്കു് അവസാനിപ്പിക്കാമെന്നു് ഒരു നിർദ്ദേശമുണ്ടായിരിക്കുന്നു. സഭ അതിനോടു യോജിക്കുന്നുണ്ടോ?

MR. ABDUL RAZAAK: We can rather have it at 10 a. m. and adjourn at 5·30.

It was agreed to begin the Session at 10 a. m. and adjourn at 5·30 p. m. with an interval of one hour between 1 and 2 p. m.

The House adjourned at 5·30 p. m. to meet again at 10·0 a. m. the next day.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly